കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാവേലിക്കര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-ജിഎ.5-138/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.08.04.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

മാവേലിക്കര നഗരസഭ

സർ,

വിഷയം : മാവേലിക്കര നഗരസഭ- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 295(3) വ്യവസ്ഥകൾ പ്രകാരം **മാവേലിക്കര നഗരസഭ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഇവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം **നഗരസഭയുടെ** പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭഎടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുൻസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊല്ലം
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-ജിഎ.5-138/19 തീയതി.08.04.2019

# ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരള മുൻസിപ്പാലിറ്റി നിയമം- വകുപ്പ് *295(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ **മാവേലിക്കര നഗരസഭ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.03.2018 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സാബു ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 10-01-2019 മുതൽ<br>22-01-2019 വരെ | ശ്രീമതി. സുജ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.രഞ്ജീവ്.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.പ്രവീൺ ഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശ്രീകാന്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ലേഖ, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

### 1) ചെയർപേഴ്സൺ

| | |
|---|---|
| ശ്രീമതി.ലീലാ അഭിലാഷ് | 01.04.2017 മുതൽ 31.03.2018 വരെ |

### 2) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.പി.കെ മഹേന്ദ്രൻ | 01.4.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി.സജിനി ജോൺ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.സതി കോമളൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യം | ശ്രീമതി.വിജയമ്മ ഉണ്ണികൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | പൊതുമരാമത്ത് | അഡ്വ.നവീൻ മാത്യു ഡേവിഡ് | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | വിദ്യാഭ്യാസം | ശ്രീമതി.ജയശ്രീ അജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

### 3) സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.സാജു.ഡി | 01.04.2017 മുതൽ 17.05.2017 വരെ |
| ശ്രീ.ജയദാസ്(എ.ഇ.ഇൻചാർജ്ജ്) | 18.05.2017 മുതൽ 27.06.2017 വരെ |
| ശ്രീ.ബിജു.എസ് | 28.06.2017 മുതൽ 31.03.2018 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എം.എൻ.പ്രസാദ് | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.രജിത്ത് ജോൺ | 01.04.2017മുതൽ 06.06.2017 വരെ |
| | ഡോ.സന്തോഷ്കുമാർ.ബി | 07.06/2017 മുതൽ 28.01.2018 വരെ |
| | ഡോ.സിന്ധു | 29.01.2018 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കൃഷ്ണ കുമാരി | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | ഡോ.ഷഹാനാ കെ.മുഹമ്മദ് | 01.04.2017മുതൽ 31.03.2018 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ആശാറാണി | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റംലാ | 01.04.2017മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.റജി സ്റ്റീഫൻ | 01.04-2017മുതൽ 31.05.2017 വരെ |
| | ശ്രീമതി.സുജാത | 01.06.2017 മുതൽ 31.03.2018 വരെ |
| ഹെൽത്ത് സൂപ്പർവൈസർ<br>പ്രോജക്ട് ഓഫീസർ<br>ദാരിദ്ര്യലഘൂകരണ വിഭാഗം | ശ്രീ. അനൂപ്.വി.സി | 01.04.2017മുതൽ 31.05.2017 വരെ |
| | ശ്രീമതി.എം.ആർ.ഗീത | 01.06.2017മുതൽ 15.10.2017 വരെ |
| | ശ്രീ.അനീസ് | 16.10.2017മുതൽ 18.10.2017 വരെ |
| | ശ്രീ.സി.ഐ.എബി | 19.10.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജയദാസ്.ഡി | 01.04.2017മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.മായാഗോപിനാഥ് | 01.04.2017മുതൽ 26.09.2017 വരെ |
| | ശ്രീ.രാജേഷ് | 27.09.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | രസീത് പരിശോധന -അപാകതകൾ |

| | | |
|---|---|---|
| 3 | 2-2 | സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ വീഴ്ച |
| 4 | 2-3 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ- രേഖപ്പെടുത്തലുകൾ അപൂർണ്ണം |
| 5 | 2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നില്ല |
| 6 | 2-5 | തൊഴിൽ നികുതി, സ്ഥാപനനികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ അപാകതകൾ |
| 7 | 2-6 | ഡി ആന്റ് ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 8 | 2-7 | കച്ചവടസ്ഥാപനങ്ങളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നില്ല |
| 9 | 2-8 | ലേലം-ലേല തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല |
| 10 | 2-9 | വാടക കുടിശിക ഈടാക്കിയിട്ടില്ല |
| 11 | 2-10 | അക്കൗണ്ടുകളുടെ പരിപാലനം |
| | | ഭാഗം – 3 |
| 12 | 3-1 | പദ്ധതികൾക്ക് സമയബന്ധിതമായി തുക ചെലവഴിച്ചില്ല.സർക്കാർ ഗ്രാന്റുകൾ പാഴായി |
| 13 | 3-2 | പശ്ചാത്തലമേഖലയിലെ പദ്ധതി ആസൂത്രണ നിർവഹണത്തിൽ അപാകം |
| 14 | 3-3 | 'മുട്ടപ്പാവിലെ മുട്ടക്കോഴി വളർത്തൽ' പ്രോജക്ട്. ഉപേക്ഷിച്ചെങ്കിലും ഗുണഭോക്തൃ വിഹിതം തിരികെ നൽകിയിട്ടില്ല |
| 15 | 3-4 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരം ലഭ്യമാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു |
| 16 | 3-5 | സാമൂഹ്യക്ഷേമപെൻഷൻ സംബന്ധിച്ച് |
| 17 | 3-6 | ഗ്യാപ് ഫണ്ട് 4.75 ലക്ഷം നല്കിട്ടും സീറോ വേസ്റ്റിന് സ്വാശ്രയത്വമായില്ല |
| 18 | 3-7 | മഴക്കാലപൂർവ്വശുചീകരണം.ഫണ്ട് വിനിയോഗം ക്രമപ്രകാരമല്ല |
| 19 | 3-8 | പ്ലാസ്റ്റിക് ബയിലിംഗ് യൂണിറ്റ് സ്ഥാപനം - രേഖകൾ ഹാജരാക്കിയില്ല |
| 20 | 3-9 | പഠനമുറി നിർമ്മാണം പൂർത്തിയായില്ല; വിദ്യാർത്ഥികൾക്ക് അർഹമായ പ്രോത്സാഹനം സാദ്ധ്യമായില്ല |
| 21 | 3-10 | മാവേലിക്കര നഗരസഭ- എച്ച്.എം.ഗവ.എച്ച്.എസ്.എസ്. മാവേലിക്കര നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ പദ്ധതി- സൈക്കിൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല |
| 22 | 3-11 | സർക്കാർ മാർഗ്ഗനിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് സ്കോളർഷിപ്പ് നല്കി |
| 23 | 3-12 | പാലിയേറ്റീവ് കെയർ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല സബ്സിഡറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല |
| 24 | 3-13 | പി.എം.എ.വൈ പദ്ധതി എത്രയും വേഗം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ആനുകൂല്യം സാധ്യമാക്കേണ്ടതാണ് |
| 25 | 3-14 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം സാധ്യമായില്ല |
| 26 | 3-15 | ജീവനക്കാരുടെ കുടിശ്ശിക ശമ്പളത്തിൽ നിന്നും പെൻഷൻവിഹിതം ഒടുക്കുന്നില്ല |
| 27 | 3-16 | ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കാത്തത് സംബന്ധിച്ച് |
| 28 | 3-17 | ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് ക്രമീകരിക്കാത്തതു സംബന്ധിച്ച് |
| 29 | 3-18 | ജീവനക്കാരുടെ ലീവ് പരിപാലനം തൃപ്തികരമല്ല |
| 30 | 3-19 | ആശ്രയ: ഭക്ഷണ വിതരണം മാത്രം,വികസന ഫണ്ട് 40.4 ലക്ഷം നിക്ഷേപമാക്കി |
| 31 | 3-20 | കൃത്യമായ ചെലവുരേഖകളില്ലാതെ അഡ്വാൻസ് ക്രമീകരിച്ചത് - ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 32 | 3-21 | മുൻവർഷത്തെ ബില്ലുപ്രകാരം നടത്തിയ ചെലവ് അംഗീകരിക്കുന്നില്ല |
| 33 | 3-22 | ലീഗൽ ചാർജ്ജ് ഇനത്തിലെ ചെലവിനായി ചെലവുരേഖകളില്ലാതെ തുക പിൻവലിച്ചു |
| 34 | 3-23 | തെരുവ് വിളക്ക് പരിപാലനം:ചെലവിന് സാധൂകരണരേഖയില്ല |

| ഭാഗം – 4 | | |
|---|---|---|
| 35 | 4-1മുതൽ<br>4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 36 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 37 | അനുബന്ധം.2 | |

## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 329558124 | 292222798 |
| വാർഷിക കണക്ക് പ്രകാരം (മുന്നിരിപ്പ് ഉൾപ്പടെ) | 203477707 | 151129546 |

ബഡ്ജറ്റ് രൂപീകരണം മാന്വൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചില്ല.

ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ മാന്വലിൽ വിവക്ഷിക്കുന്ന പ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി നൽകിയ എൻക്വയറിക്കുള്ള മറുപടി നൽകിയിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചതായി ധനകാര്യകമ്മറ്റിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ബജറ്റ് ഫയൽ ലഭിക്കാത്തതിനാൽ വിഷയങ്ങൾ സംബന്ധിച്ച് വ്യക്തത ഇല്ല. ലഭ്യമായ രേഖകൾ പ്രകാരം ബഡ്ജറ്റ് രൂപീകരിക്കുന്നതിനായി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കുകയോ, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യകമ്മറ്റിക്ക് സമർപ്പിച്ചതായോ കാണുന്നില്ല. ശരിയായ നടപടിക്രമങ്ങളിലൂടെയല്ലാതെ ബജറ്റ് രൂപീകരിക്കുന്നതിനാലാണ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി കോടിക്കണക്കിന് രൂപയുടെ അന്തരം വന്നിട്ടുള്ളത്. നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്ഥിരംസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 22.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

KSA.ALP.GA4.1405(3))/2018. dt.01.10.2018 പ്രകാരം സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 41685766.94 |
| വരവ് | 161791941.00 |
| ആകെ | 203477707.94 |
| ചെലവ് | 151129546.00 |
| നീക്കിയിരിപ്പ് | 52348161.94 |

## 1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം. | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | | 22965000 | 22965000 | 14513765 | 8451235 |
| എസ്.സി. പി | | 15413000 | 15413000 | 8874209 | 6538791 |
| സി.എഫ്. സി | | 31216450 | 51216450 | 16459783 | 14756667 |
| കെ. എൽ.ജി. എസ്.ഡി.പി | | 20386157 | 20386157 | 14309890 | 6076267 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 9376306 | 9376306 | 9241487 | 134821 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 6328682 | 6328682 | 6297245 | 31437 |
| അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി | 15680 | 6016157 | 6031837 | 2445811 | 3586026 |
| ബി.ഫണ്ട് | 0 | 37232300 | 37232300 | 37232300 | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ഉപേക്ഷിച്ചവ. (എണ്ണം) | സ്പിൽ ഓവർ ആക്കിയവ |
|---|---|---|---|---|---|---|
| 221 | 16,99,18,395 | 141 | 6,97,11,379 | 21 | 23 | 36 |

## 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| മുന്നിരിപ്പ്. | വരവ്. | ആകെ. | ചെലവ്. | തുക. | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| 15680 | 5900050<br>116107(പലിശ) | 6031837 | ഭരണചെലവുകൾ | 177113 | 3586026 |
| | | | തൊഴിലാളികളുടെ വേതനം. | 2268698 | |
| 15680 | | 6031837 | | 2445811 | |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49080 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 2705100 | 954 |
| വിധവാ പെൻഷൻ | 8861900 | 2861 |
| വാർദ്ധക്യകാല പെൻഷൻ | 22368000 | 6236 |
| വികലാംഗ പെൻഷൻ | 2528600 | 797 |
| അവിവാഹിത പെൻഷൻ | 648700 | 218 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 60000 | 2 |
| ആകെ | 37221300 | |

## 1-9 <u>ക്യാഷ് പരിശോധന</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2019 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 2 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6296/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിരുന്നു. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ഒരേ ജീവനക്കാരനിൽ കേന്ദ്രീകരിക്കാത്ത രീതിയിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ജീവനക്കാരുടെ ഓരോ തലത്തിലും സമയപരിധി നിശ്ചയിച്ച് സെക്രട്ടറി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ഓരോ സെക്ഷനും ലഭിക്കുന്ന അപേക്ഷകൾ സേവനാവകാശ നിയമപ്രകാരമുള്ള കാലയളവിനുള്ളിൽ ഡിസ്പോസ് ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തക്ക വിധം പെഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകളുടെ തീർപ്പ് സംബന്ധിച്ച് വിവരങ്ങൾ അറിയുന്നതിന് സംവിധാനങ്ങൾ ഇല്ല. ജീവനക്കാരുടെ പെഴ്സണൽ രജിസ്റ്റർ മേൽഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ക്ഷേമപെൻഷനുകൾക്കായി ലഭിച്ച അപേക്ഷകളുടെ തൽസ്ഥിതി അറിയുന്ന വിധത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കാത്തത് പുരോഗതി വിലയിരുത്തലിന് തടസ്സമാണ്.

2.മാന്വൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

3.നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ പുറമ്പോക്ക് സംബന്ധിച്ച ഭാഗങ്ങൾ അപൂർണ്ണമാണ്. മുൻവർഷങ്ങളിൽ ആർജിച്ച വസ്തുക്കളുടെ ഉടമസ്ഥാവകാശരേഖകൾ അപൂർണ്ണമാണ്. ആസ്തികളുടെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ പൂർണ്ണഫലം കണ്ടില്ല.

4.വാങ്ങലുകൾ നടത്തുന്നതിൽ പലപ്പോഴം പ്രൊക്യൂവർമെന്റ് മാന്വലിൽ/സ്റ്റോർ പർച്ചേസ് മാന്വലിൽ നിന്ന് വ്യതിചലിക്കുന്നതായി കാണുന്നു. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

5.സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

6.ഹാജർപുസ്തകം ശരിയായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ലീവ് അക്കൌണ്ട് പരിപാലനവും തൃപ്തികരമല്ല. പല ജീവനക്കാരും ദിവസങ്ങളോളം ഹാജരില്ലാതെയും, ഹാജരില്ലാത്ത ദിവസത്തെ ലീവ് രേഖപ്പെടുത്താതെയും ഹാജർപുസ്തകം കാണപ്പെടുന്നു. സ്പെഷ്യൽ കാഷ്വൽ ലീവിന് അർഹരായവർക്ക് പ്രസ്തുത ലീവ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല അവധി അനുവദിച്ചിട്ടുള്ളത്. ഹാജരില്ലാത്ത ദിവസങ്ങളിലെ ലീവ് വ്യക്തമാക്കാതെ ജീവനക്കാർക്കു മുഴുവൻ വേതനവും നൽകി വരുന്നു.

7.സർക്കാർ ഗ്രാന്റുകൾ ശരിയായ സമയക്രമത്തിൽ വിനിയോഗിക്കാത്തതുമൂലം ലക്ഷങ്ങൾ നഗരസഭയ്ക്ക് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി.

8.നഗരസഭയുടെ വരവിനങ്ങൾ ആർജ്ജിക്കുന്നതിൽ ജീവനക്കാരും ധനകാര്യസ്ഥിരംസമിതിയും ശ്രുഷ്കാന്തി കാണിക്കുന്നില്ല. എല്ലാ വരവിനങ്ങളിലും ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു.

9.മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന വിഷയങ്ങൾ ഒന്നും തന്നെ പരിഹരിക്കാൻ നഗരസഭ ശ്രമിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം ഒട്ടും തൃപ്തികരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റ് നടത്തിയത് സംബന്ധിച്ച വിവരം പല തവണ ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുൻറിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2010 | 20.12.2010 to 23.12.2010 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.06.2017 | 12.06.2017 to 23.06.2017 | ലഭിച്ചില്ല |

## 1-12 വാർഷികകണക്കിലെ അപാകതകൾ

അക്കൗണ്ട് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന വാർഷികകണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

**മറ്റ് അപാകതകൾ**

ക്ഷേമപെൻഷൻ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധന -അപാകതകൾ

**1)രസീതുബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത്**

ഉപയോഗിച്ച രസീതു ബുക്കുകളായ രസീത് ബുക്ക് നം. 869, 880 എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. കൂടാതെ രസീതുകൾ ക്രമപ്രകാരമല്ലാത്തതിനാൽ രസീതുബുക്കുകളായ 827, 828, 873 എന്നിവ ഉപയോഗിക്കാതെ ക്യാൻസൽ ചെയ്ത് മാറ്റിവച്ചതായി അറിയിച്ചിരുന്നു എങ്കിലും ഫിസിക്കൽ വേരിഫിക്കേഷനിൽ ഇവ സ്റ്റോക്കിൽ ലഭ്യമല്ല. ചിട്ട, ഡേ ബുക്ക് എന്നിവയുടെ ദൈനംദിന പ്രിന്റുകൾ എടുത്ത് സാക്ഷ്യപ്പെടുത്തി ക്രമത്തിൽ സൂക്ഷിക്കുന്നില്ല. രസീതുബുക്കുകളും അനുബന്ധങ്ങളും വളരെ ലാഘവത്തോടെയാണ് കൈകാര്യം ചെയ്യപ്പെടുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. രസീതുബുക്കുകളുടെ ഫിസിക്കൽ സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തുന്നില്ലെന്ന് വ്യക്തമാകുന്നു. ഓഡിറ്റ് ഭൗതികപരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്ന ബുക്കുകൾ എത്രയും വേഗം കണ്ടെത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കണ്ടെത്താൻ കഴിയാത്ത പക്ഷം ഉത്തരവാദികൾക്കെതിരെ യുക്തമായ വകുപ്പുതല നടപടിയും നിയമനടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-2 സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ വീഴ്ച

നഗരസഭാ പരിധിയിൽ സ്ഥിതിചെയ്യുന്ന സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടനികുതി പരിഷ്കരിച്ചെങ്കിലും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആകെ 48 സർക്കാർ കെട്ടിടങ്ങളാണുള്ളത്. ഇതിൽ 31 എണ്ണത്തിന്റെ നികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 2 കെട്ടിടങ്ങൾ മാത്രമാണ് നികുതി ഒടുക്കിയത്. 17 കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്തിട്ടില്ല. ഈ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചപ്പോൾ മുൻപ് ഈടാക്കിയതിനെക്കാൾ കുറയുകയാണുണ്ടായത്. അപ്രകാരം അപാകത കണ്ടെത്തിയതിനാൽ കെട്ടിടം അളന്ന് വിസ്തീർണ്ണം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കി.

എല്ലാ സ്രക്കാർ കെട്ടിടങ്ങളുടേയും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുകയും ഡിമാന്റ് പ്രകാരമുള്ള തുക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ- രേഖപ്പെടുത്തലുകൾ അപൂർണ്ണം

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അത് അനുവദിച്ച തീയതി മുതൽ 3 വർഷത്തേയ്ക്ക് സാധുവായിരിക്കുന്നതാണ്. ഈ കാലയളവിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുകയോ അല്ലാത്തപക്ഷം ഉടമയുടെ അപേക്ഷയിന്മേൽ പെർമിറ്റിന്റെ കാലാവധി നീട്ടിനൽകുകയോ ചെയ്യേണ്ടതാണ്. എന്നാൽ നഗരസഭയുടെ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷം പെർമിറ്റ് അനുവദിച്ച പല കെട്ടിടങ്ങളുടെയും പണി പൂർത്തിയായതായോ പെർമിറ്റ് നീട്ടി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | വാർഡ് നം./ ഡോർ നം. | നിർമ്മിതിയുടെ തരം | തറവിസ്തീർണ്ണം | പെർമിറ്റ് അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1 | മത്തായി തോമസ് | 9<br>58/14 | റസിഡൻഷ്യൽ ബിൽഡിംഗ് | G.F-131.21 | 01.09.14 |
| 2 | ഐസക് ജോൺ | 26/6 | do | G.F-94.32<br>F.F-53.49 | 23.09.14 |
| 3 | വൽസല വർമ്മ | 78/43-4<br>78/43-7 | do | G.F-127.04<br>F.F-102.27 | 23.09.14 |
| 4 | രാമചന്ദ്ര വർമ്മ | 79/7 | do | G.F-110.21<br>F.F-46.48 | 04.12.14 |
| 5 | ജോൺ സക്കറിയ | 18/13 | do | G.F-173.20<br>F.F-27.71 | 19.12.14 |
| 6 | എലിസബത്ത് ജേക്കബ്ബ് | 42/9-2 | do | G.F-90.16<br>F.F-70.37 | 09.02.15 |
| 7 | അജയകുമാർ | 152/11 | do | G.F-108<br>F.F-9.1 | 28.02.15 |

അപേക്ഷകൻ ടി കാലയളവിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയിൽ കംപ്ലീഷൻ പ്ലാൻ ഹാജരാക്കാത്തതിനാലും പെർമിറ്റിന്റെ കാലാവധി നീട്ടി നൽകുന്നതിന് രേഖാമൂലം അപേക്ഷ സമർപ്പിക്കാത്തതിനാലുമാണ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്താൻ കഴിയാതെ വരുന്നതെന്നാണ് ടി കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/21/1/19) മറുപടി ലഭിച്ചത്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതും മതിയായ ഫീസ് ഈടാക്കി നിർമ്മാണം പൂർത്തിയാക്കാത്തവയുടെ പെർമിറ്റ് നീട്ടി നൽകാൻ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. റവന്യൂ വിഭാഗത്തിന്റെയും ധനകാര്യസ്ഥിരം സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നില്ല.

നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/ തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് പരമാവധി 500/- രൂപ വരെ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. നഗരപരിധിയിൽ പ്രവർത്തിക്കുന്ന (ബി.എസ്.എൻ.എൽ. ടവർ ഉൾപ്പെടാതെയുള്ള) നിലവിലുള്ള 15 ടവറുകളുടെ വിവരങ്ങൾ ഉൾപ്പെട്ട ഒരു ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കി. ഇവയുടെ വസ്തുനികുതി മേൽ സർക്കാർ ഉത്തരവ് അനുസരിച്ച് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കുന്നില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്,മേൽവിലാസം | ടവറിന്റെ ആകെ തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | ഈടാക്കിയ നികുതി(2017-18) |
|---|---|---|---|---|
| 1 | ശ്രീജിത്.ജി.പിള്ള<br>ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തൈക്കൂടം പി.ഒ, എറണാകുളം | 97 $m^2$ | 58200 | ഇല്ല |
| 2 | മാനേജർ, ഇന്റസ് ടവർ ലിമിറ്റഡ്, 8th floor വങ്കാരത്ത് ടവർ, പാലാരിവട്ടം | 98.11$m^2$ | 25012 | ഇല്ല |
| 3 | ടാറ്റ ടെലി സർവ്വീസ് ലിമിറ്റഡ്, ഡോർ നം. 41/2526C 2nd floor, മാത്തർ സ്ക്വയർ,ടൗൺ റെയിൽവേ സ്റ്റേഷൻ | 53.18$m^2$ | 29249 | ഇല്ല |
| 4 | എം.കെ.നാരായണൻ, എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്, B6-2624 1st floor, ഷേണായി റോഡ് | 37.48 | 22488 | ഇല്ല |
| 5 | മെ.ഡിഷ്നെറ്റ് വയർലെസ്, ബി.എസ്.1st floor | 50.75 | 28700 | ഇല്ല |
| 6 | മാനേജർ, റിലയൻസ് ഇൻഫോകോം | 40$m^2$ | 22000 | ഇല്ല |
| 7 | മാനേജർ, ഇന്റസ് ടവർ ലിമിറ്റഡ്,8th floor വങ്കാരത്ത് ടവർ, പാലാരിവട്ടം | 44.64$m^2$ | 26784 | ഇല്ല |
| 8 | എ.റ്റി.സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ, ജെ&കമ്പനി ചേംബേഴ്സ്, മണിമല റോഡ് | 65$m^2$ | 36024 | ഇല്ല |

റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം മിച്ചൽ ജംഗ്ഷന് കിഴക്ക് മോഹനം ജ്വവലറിയ്ക്ക് മുകളിൽ -പുന്നമൂട്ടിൽ ബോസ് ആഡിറ്റോറിയത്തിന് മുകൾ ഭാഗത്ത്-കൊറ്റാർ കാവ് ടെലിഫോൺ എക്സ്ചേഞ്ച്-കൊറ്റാർ കാവ് ടെലിഫോൺ എക്സ്ചേഞ്ചിന് പടിഞ്ഞാറ് ഭാഗം-മാവേലിക്കര BSNL ഓഫീസ്- പുളിമൂട് ജംഗ്ഷന് പടിഞ്ഞാറ്ഭാഗം Idea ഓഫീസ് നിൽക്കുന്ന കെട്ടിടത്തിന് മുകളിൽ-വലിയ പെരുമ്പുഴ

പാലത്തിന് സമീപം കിഴക്കോട്ടുള്ള വഴിയിൽ കാരുണ്യ ചാരിറ്റബിൾ സൊസൈറ്റി ബിൽഡിംഗിന് പുറകിൽ-ബ്ലോക്കോഫീസിനുള്ളിൽ നിലത്ത് ഒരു ടവർ-കൊറ്റാർകാവ് ശ്രീഭാനന്ദാശ്രമത്തിന് വടക്കുവശത്തെ വളനിൽ കിഴക്കുഭാഗത്തായുള്ളത്- എന്നീ സ്ഥലങ്ങളിൽ മൊബൈൽ ടവറുകൾ കണ്ടെത്തിയിട്ടുണ്ട്.

ടവറുകൾ സ്ഥാപിച്ച തീയതി മുതൽ 13.01.2011 വരെ വാർഷിക വാടക അടിസ്ഥാനത്തിലും 14.01.2011 മുതൽ തറവിസ്തീർണ്ണാടിസ്ഥാനത്തിലുമുള്ള നികുതി നിയമാനുസൃത പിഴ സഹിതം ഈടാക്കാത്തതുമൂലം ലക്ഷങ്ങളുടെ വരുമാനനഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടായിട്ടുള്ളത്. ഇത്ര വലിയ നികുതി നഷ്ടമുണ്ടായിട്ടും തുക ഈടാക്കുന്നതിന് കാര്യമായ യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെയുള്ള കുടിശ്ശിക നികുതി ഒടുക്കാത്ത സാഹചര്യത്തിൽ മുൻസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന നിയമനടപടികൾ വഴി തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-5 തൊഴിൽ നികുതി, സ്ഥാപനനികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ അപാകതകൾ

2017-18 കാലയളവിൽ തൊഴിൽനികുതി, സ്ഥാപന നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ നഗരസഭയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കേരള മുനിസിപ്പൽ തൊഴിൽ നികുതി ചട്ടങ്ങളിലെ 3 (2) മുതൽ 3 (11) വരെയുള്ള ചട്ടങ്ങളിൽ ഒരു മുനിസിപ്പൽ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യപേജിൽ സൂക്ഷിച്ചിട്ടുള്ള ഇൻസ്റ്റിട്യൂഷൻ സംബന്ധിച്ച ലിസ്റ്റ് പരിശോധിച്ചതിൽ മാവേലിക്കര നഗരസഭ പ്രദേശത്ത് സ്ഥിതിചെയ്യുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-2018 കാലയളവിൽ സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇവയിൽ പലതും ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടുള്ളവയാണ്.

| | | | |
|---|---|---|---|
| 1 | ശ്രീ ഗോകുലം ചിറ്റ്സ് ഫിനാൻസ് കോർപ്പറേഷൻ | 2017-18 I & II | 2500 |
| 2 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് | 2017-18 I & II | 2500 |
| 3 | മുത്തൂറ്റ് ഫിനാൻസ് | II | 1250 |
| 4 | കൊശമറ്റം ഫിനാൻസ് | I & II | 2500 |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് | I & II | 2500 |
| 6 | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് | I & II | 2500 |
| 7 | മണപ്പുറം ഫിനാൻസ് | I & II | 2500 |
| 8 | കെ എസ്സ് എഫ് ഇ, കണ്ടിയൂർ ബ്രാഞ്ച് | I & II | 2500 |
| 9 | എച് ഡി എഫ് സി ബാങ്ക് | I & II | 2500 |
| 10 | എച്ച് ഡി ബി ഫിനാൻസ് സർവ്വീസ് ലി. | I & II | 2500 |
| 11 | മുത്തൂറ്റ് ഫിൻകോർപ്പ് | I & II | 2500 |
| 12 | പോപ്പുലർ ഫിനാൻസ് | I & II | 2500 |
| 13 | ഇൻഡ്യൻ ബാങ്ക് | I & II | 2500 |
| 14 | മണപ്പുറം ഫിനാൻസ് | I & II | 2500 |
| 15 | ബിർള സൺലൈഫ് | I & II | 2500 |
| 16 | യു എ ഇ എക്സ്ചേഞ്ച് | I & II | 1250 |

| | | | |
|---|---|---|---|
| | ആകെ | | 37500 |

2) ഇനി പറയുന്ന സ്ഥാപനങ്ങളുടെ 2017-18 കാലയളവിലെ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ.നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവു വന്ന തുക |
|---|---|---|---|---|
| 1 | ലക്ഷ്മി ഫൈനാൻസിയേഴ്സ് | 900 | 2500 | 1600 |
| 2 | സന്തോഷ് ഫൈനാൻസിയേഴ്സ് | 900 | 2500 | 1600 |
| 3 | അനശ്വര ഫൈനാൻസിയേഴ്സ് | 900 | 2500 | 1600 |
| 4 | വടക്കേവീട്ടിൽ ഫൈനാൻസിയേഴ്സ് | 900 | 2500 | 1600 |
| 5 | വി. ജി ഫൈനാൻസിയേഴ്സ് | 900 | 2500 | 1600 |
| 6 | കോട്ടപ്പുറത്ത് ഫൈനാൻസിയേഴ്സ് | 900 | 2500 | 1600 |
| 7 | യവനിക ഫൈനാൻസിയേഴ്സ് | 2000 | 2500 | 500 |
| 8 | ജി. ബി ഫൈനാൻസിയേഴ്സ് | 900 | 2500 | 1600 |
| | ആകെ | 8300 | 20000 | 11700 |

3) താഴെ പറയുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

1) മുത്തൂറ്റ് സെക്യൂരിറ്റീസ്

2) ഐ.സി.എൽ ഫിൻകോർപ്പ്

3) സഹകരണ കാർഷിക വികസന ബാങ്ക്

4) കണ്ണാട്ട് അരുൺ ഫൈനാൻസിയേഴ്സ്

5) കൊയ്പ്പള്ളിൽ ഫൈനാൻസിയേഴ്സ്

6) വിദ്യാധിരാജ വിദ്യാ പീഠം

7) പുഷ്പ ഡിപ്പാർട്ട്മെന്റൽ സ്റ്റോർ

8) സംഘം ടെക്സ്റ്റൈൽസ്

9) അയ്യപ്പാസ് ടെക്സ്റ്റൈൽസ്

10) ഭാസ്കരാ മൊബൈൽസ്

11) റിലയൻസ് ഇൻഫോകോം

12) എസ്.എസ് ഹ്യുണ്ടായ്

13) വിജയ സിൽക്ക് ഹൗസ്

14) ആർ.വി ബേക്കറി

15) പോത്തൻ സ്റ്റോഴ്സ്

16) പ്രതിഭ തീയറ്റർ

17) പോപ്പുലർ വെഹിക്കിൾസ്

18) രാംകോ ഏജൻസീസ്

4) നഗരസഭ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എ.ഒ.എം.എം.എൽ.പി. സ്കൂൾ, ശ്രീകൃഷ്ണവിലാസം സംസ്കൃതം സ്കൂൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5) നഗരസഭാ പരിധിയിലുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/11.01.2019) മറുപടി ലഭ്യമായിട്ടില്ല. മേൽ അപാകതകളിൽ പലതും 2016-17 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2 (4) ആയി പരാമർശിച്ചിട്ടുണ്ടെങ്കിലും അതിന്മേൽ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. മേൽ പരാമർശിച്ചിട്ടുള്ള ഇനങ്ങളിൽ പിരിച്ചെടുക്കാനുള്ള ഇനത്തിൽ തിട്ടപ്പെടുത്താൻ കഴിഞ്ഞ 50450/-രൂപ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്. മറ്റുള്ളവ തിട്ടപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി ആന്റ് ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

നഗരസഭാ പരിധിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തന്മൂലം എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള പല സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല എന്ന് കാണുന്നു. സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച് ഏതാനും വാർഡുകളിലെ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം | തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | VI | 80 | 106 |
| 2 | VII | 97 | 150 |

കൂടാതെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഇനത്തിൽ 2016-17 കാലയളവിൽ 1129803/- രൂപ കുടിശ്ശികയുണ്ടായിരുന്നത് 2017-18 കാലയളവിൽ 1458134/-രൂപയായി വർദ്ധിച്ചു. നഗരസഭാ പ്രദേശത്തെ ബഹുഭൂരിപക്ഷം കച്ചവടസ്ഥാപനങ്ങളും, ലൈസൻസ് എടുക്കാതെയോ, പുതുക്കാതെയോ പ്രവർത്തിക്കുന്നു എന്നത് അതീവഗൗരവമുള്ള വിഷയമായി ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭ നിയമ-ചട്ട ലംഘനങ്ങൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് ധനകാര്യ സ്ഥിരംസമിതിയുടെ വീഴ്ചയായി കരുതുന്നു. ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്ഥിരംസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 കച്ചവടസ്ഥാപനങ്ങളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നില്ല

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് 24.09.2016-ൽ 576/ഡി.സി.1/16ത.സ്വ.ഭ.വ സർക്കുലർ പ്രകാരം സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്നും ഇപ്രകാരം വില്പനസാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്നതിന് വ്യാപാരികളും തെരുവുകച്ചവടക്കാരും നഗരസഭയിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ സർക്കുലർ പ്രകാരം ഒരുമാസം കുറഞ്ഞത് 4000/-രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഒടുക്കി നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നതിന് അടിയന്തിര വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇപ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. പ്ലാസ്റ്റിക് മാലിന്യപരിപാലന ഫീസ് ഇനത്തിൽ നഗരസഭയ്ക്ക് വരവ് ഒന്നും ഇല്ല. നാനൂറിലധികം കച്ചവടസ്ഥാപനങ്ങൾ ഉള്ള മാവേലിക്കര നഗരസഭയ്ക്ക് ഈ യിനത്തിൽ വലിയൊരു തുക വരുമാനമായി ലഭിക്കുമെന്നു മാത്രമല്ല പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്താനും ഇത് പ്രയോജനപ്പെടുമായിരുന്നു. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ധനകാര്യസ്ഥിരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 2-8 ലേലം-ലേല തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല

നഗരസഭയുടെ ലേല രജിസ്സർ പരിശോധിച്ചതിൽ 2017-18 വർഷം ലേലം ഉറപ്പിച്ച് നൽകപ്പെട്ട ലേലക്കാർ തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ.

| ക്രമ നം. | ലേല ഇനം | ലേലം കൊണ്ട തുക | ലേലം കൊണ്ട വ്യക്തി | ഈടാക്കിയ തുക/ രസീത് നം.തീയതി | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ്സ്റ്റാന്റ് | 1547500 | രാജീവൻ.ജെ | 515834/-00248/01.03.17 | 1031666/- |
| 2 | കണ്ടിയൂർ ഇറച്ചിസ്റ്റാൾ | 29000/- | ജോസ് | 13000/-12226/27.03.17 | 16000/- |
| 3 | ഫലവൃക്ഷങ്ങളുടെ മേലാദായം | 2900/- | രതീഷ് കുമാർ | ഇല്ല | 2900/- |
| 4 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | 37000/- | രമേശൻ | 12500/-12572/30-02-17 | 24500/- |
| 5 | പരസ്യ നികുതി | 70000/- | പ്രസന്നൻ | 17000/02333/22.06.17 | 53000/- |
| 6 | പുന്നമൂട് ചന്ത ഫീസ് പിരിവ് | 131000/- | അശോകൻ | 43975/-<br>17405/-01325/18.05.17<br>15000/-102250.20.06.17<br>15000/-103066/19.07.17<br>36620/-107385/30.12.17 | 3000/- |
| | ആകെ | | | | 1131066/- |

11 ലക്ഷത്തോളം രൂപ ലേലകുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളത് അടുത്ത സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പോലും ഈടാക്കാൻ നഗരസഭ ഫലപ്രദമായി ഇടപെട്ടില്ല. ധനകാര്യസ്ഥിരം സമിതിയുടെ കാര്യക്ഷമതയില്ലായ്മ വെളിവാക്കുന്നതാണ് ഇത്. ലേലം കൊണ്ട വ്യക്തികളിൽ ശ്രീ.രമേശൻ, ശ്രീ.പ്രസന്നൽ എന്നിവരുമായി മാത്രമാണ് നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാർ വച്ചിട്ടില്ലാത്ത കാരണത്താൽ ലേലം കൊണ്ട വ്യക്തികളിൽ നിന്ന് കുടിശിക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കുന്നതിന് പ്രയാസം നേരിടും. കുടിശ്ശിക ഈടാക്കാൻ കഴിയാത്ത പക്ഷം ലേലം കൊണ്ട

വ്യക്തികളുമായി കരാറിൽ ഏർപ്പെടാത്ത സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/14.01.19) മറുപടി ലഭ്യമാക്കിയില്ല. കുടിശിക ഈടാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 2-9 വാടക കുടിശിക ഈടാക്കിയിട്ടില്ല.

എ) വാടകയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പല കടമുറികളുടെയും വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല. 2018 മാർച്ച് വരെയുള്ള കാലയളവിലെ വാടക കുടിശ്ശികയുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം | അനുഭവക്കാരന്റെ പേര് | വാടക | ഒടുക്കുവാനുള്ള കാലയളവ് | തുക |
|---|---|---|---|---|---|
| 1. | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ്. | സുജിത്ത്.എസ്, കുഴിയിൽ വടക്കതിൽ, മാവേലിക്കര, റൂം നം. 3 | 1213/- | 06/17മുതൽ 03/18 വരെ | 12130/- |
| | | വി.മുരളീധരൻ, ആനക്കുട്ടിൽ,പോനകം.റൂം നം. 7 | 864/- | 09/17 മുതൽ 03/18 വരെ. | 6048/- |
| 2 | പുന്നമൂട് പുറകുവശത്തെ പഴയമുറി | എസ്.ഗോപാലകൃഷ്ണൻ, പ്രസിഡന്റ്, മിൽക്ക് സപ്ലൈസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി no.A91<br>റൂം നം.12 | 332/- | 09/17 മുതൽ 03/18 വരെ. | 2324/- |
| | | എസ്.ഗോപാലകൃഷ്ണൻ, പ്രസിഡന്റ്, മിൽക്ക് സപ്ലൈസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി<br>റൂം നം.13 | 332/- | 09/17 മുതൽ 03/18 വരെ. | 2324/- |
| 3. | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് (പുതിയത്) | എ.കെ.സൂസമ്മ, കുറ്റിവേലി കിഴക്കതിൽ, ഉമ്പർനാട്, കല്ലുമല.റൂം നം.17/159(40) | 1313/- | 04/17മുതൽ 03/18 വരെ. | 15756/- |
| | | എ.കെ.സൂസമ്മ, കുറ്റിവേലി കിഴക്കതിൽ, ഉമ്പർനാട്, കല്ലുമല.റൂം നം.17/159(40) | 1313/- | 04/17മുതൽ 03/18 വരെ | 15756/- |
| | | ഷിബു.ജി,പ്ലാവേലികിഴക്കതിൽ,മാവേലിക്കര<br>റൂം നം.159(31) | 1764/- | 06/17മുതൽ 03/18 വരെ | 17640/- |
| 4 | | ഷിബു.ജി,പ്ലാവേലികിഴക്കതിൽ,മാവേലിക്കര<br>റൂം നം.159(32) | 1764/- | 06/17മുതൽ 03/18 വരെ | 17640/- |
| | റസ്റ്റ് ഹൗസ് | സൂപ്രണ്ട്,കോർട്ട് പോസ്റ്റ് ഓഫീസ്, മാവേലിക്കര | 1764/- | 10/17മുതൽ 03/18 വരെ | 10584/- |
| 5. | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് (പുതിയത്) | പ്രേംകുമാർ, മാധവം, ഈരേഴ നോർത്ത് | 4200/- | 08/17മുതൽ 03/18 വരെ | 33600/- |
| | | പ്രവീണ, മാധവം, ഈരേഴ നോർത്ത് | 4200/- | 09/17മുതൽ 03/18 വരെ | 29400/- |
| | | സുനിൽകുമാർ.എൻ, ഇളയിടത്ത്, പത്തിയൂർ തോട്ടം,<br>റൂം നം.11 | 2205/- (മുൻവർഷ രജിസ്റ്റർ പ്രകാരം) | 04/17 മുതൽ 03/18 വരെ | 26460/- |
| 6. | എൽ.ഐ.സി. | മാത്യു സി,കുറ്റിശ്ശേരിൽ റൂം നം.1 | 2009/- | 11/17 മുതൽ | 10045/- |

| | | | | | |
|---|---|---|---|---|---|
| | ബിൽഡിംഗ്, ഷോപ്പിംഗ് കോംപ്ലക്സ് | | | 03/18 വരെ | |
| | | മാത്യു സി,കുറ്റിശ്ശേരിൽ റൂം നം.13 | 2009/- | 12/17 മുതൽ 03/18 വരെ | 8036/- |
| 7. | പഴയ ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഷാജിത,മാമൂട്ടിൽ ഹൗസ്,ഓച്ചിറ റൂം നം.5-146.E | 2558/- | 06/17മുതൽ 03/18 വരെ | 25580/- |
| | | രമേശൻ,രമേശ്ഭവനം,മണക്കാട്,മാവേലിക്കര റൂം നം.5-146.F | 4564/- | 11/17മുതൽ 03/18 വരെ | 22820/-/- |
| 8. | കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | ജി.മത്തായി, റൂം നം.15/207A | 1548/- | 02/18മുതൽ 03/18 വരെ | 3096/- |
| | | കെ.സി.ചാക്കോ, റൂം നം.15/207D | 918/- | 08/17മുതൽ 03/18 വരെ | 7344/- |
| | | സിന്ധു ജ്യോതിഷ്, മീനത്തേരിൽ, ആഞ്ഞിലിപ്ര, തട്ടാരമ്പലം റൂം നം.15/207H | 1323/- | 03/18 | 1323/- |
| 9 | മുനിസിപ്പൽ ബങ്ക് | റോബി മാത്യു,ബംഗ്ലാവ് പറമ്പിൽ | 638/- | 09/17മുതൽ 03/18 വരെ | 4466/- |
| 10 | കണ്ടിയൂർ ലൈബ്രറി കെട്ടിടം | സജിത് കുമാർ എസ്,കിളിയാഡൻ തറയിൽ, കണ്ടിയൂർ റൂം നം.1 | 1521/- | 06/17മുതൽ 03/18 വരെ | 15210/- |
| | | ജി.സോമൻ,കിളിയാഡൻ തറയിൽ,കണ്ടിയൂർ റൂം നം.2 | 1521/- | 01/18 മുതൽ 03/18 വരെ | 4563/- |
| | | സൂപ്രണ്ട്,കോർട്ട് പോസ്റ്റ് ഓഫീസ്, മാവേലിക്കര | 400/- | 04/17മുതൽ 03/18 വരെ | 4800/- |
| 11 | മിച്ചൽ ജംഗ്ഷൻ കോംപ്ലക്സ് തെക്ക് | പി.കെ.അസിനി,കൊട്ടുവള്ളി കിഴക്കതിൽ, ചേരാവള്ളി റൂം നം.2 | 3032/- | 04/17മുതൽ 03/18 വരെ | 36384/- |
| | | മുഹമ്മദ് അസ്‌ലം, റൂം നം.3 | 1655/- | 04/17മുതൽ 03/18 വരെ | 19860/- |
| | | എസ്.രാധാകൃഷ്ണൻ, റൂം നം.6 | 1535/- | 04/17മുതൽ 03/18 വരെ | 18420/- |
| | | കെ.എം.മുഹമ്മദ് കുഞ്ഞ്, വലിയത്ത് കുറ്റിപ്പറമ്പിൽ, ഓച്ചിറ റൂം നം.7 | 3738/- | 04/17മുതൽ 03/18 വരെ | 44856/- |
| 12 | പുന്നമൂട് പുറകുവശത്തെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | സതീശൻ,സുധീഷ് ഭവനം,പുന്നമൂട് റൂം നം.6 | 1250/- | 04/17മുതൽ 03/18 വരെ | 15000/- |
| | | സതീശൻ,സുധീഷ് ഭവനം, പുന്നമൂട് റൂം നം.7 | 1250/- | 04/17മുതൽ 03/18 വരെ | 15000/- |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | പ്രസിഡന്റ് പുന്നമൂട് റസിഡൻസ് അസോസിയേഷൻ റൂം നം.17/159(38) | 1500/- | 04/17മുതൽ 10/17വരെ | 10500/- |
| | ആകെ | | | | 456965 |

വാടകകുടിശിക ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/14.01.19) മറുപടി ലഭിച്ചില്ല. കുടിശിക പിഴപലിശ സഹിതം (ST/GSTഉൾപ്പടെ)ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി)വാടകയ്ക്ക് നൽകപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ

2017-18 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | കെട്ടിടം | കടമുറി നം. |
|---|---|---|
| 1 | പുന്നമൂട് ഓൾഡ് ബിൽഡിംഗ് | 159(17) W-17 |
| 2 | മുനിസിപ്പൽ ബസ് സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | 3,5 to 10 |
| 3 | എൽ.ഐ.സി.ബിൽഡിംഗ് ഷോപ്പിംഗ് കോംപ്ലക്സ് | 4, 8 |
| 4 | പുന്നമൂട് പുറകിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 4<br>17-159(37)<br>17-159(39) |
| 5 | മിച്ചൽ ജംഗ്ഷൻ നോർത്തിലെ കടമുറികൾ | 2,4,6 to 8,11 |

കടമുറികൾ വാടകയ്ക്ക് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നും വാടകയ്ക്കു നൽകിയ കടമുറികളുടെ വാടകക്കാരുമായി നഗരസഭ കരാറിൽ ഏർപ്പെട്ടതിന്റെ വിവരം, കുടിശ്ശിക ഈടാക്കാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവയും ലഭ്യമാക്കേണ്ടതാണന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/16.01.19)മറുപടി ലഭ്യമാക്കിയില്ല. ടി കടമുറികളുടെ വാടക നിശ്ചയിച്ച് ലേലം ചെയ്ത് നഗരസഭയുടെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

# 2-10 അക്കൗണ്ടുകളുടെ പരിപാലനം

2017-18 വാർഷിക കണക്ക് RP 40 b.പ്രകാരം പല ബാങ്കുകളിലായി ധാരാളം അക്കൗണ്ടുകൾ നിലവിലുണ്ട്. ഒരു ബാങ്കിൽതന്നെ ഒന്നിലധികം അക്കൗണ്ടുകൾ ഉണ്ട്. ഇവയിൽ പലതും എന്തിനുള്ള

അക്കൗണ്ടുകളാണെന്ന് നിശ്ചയമില്ല. ഒരു ബാങ്കിൽ ഒന്നിലധികം അക്കൗണ്ടുകൾ ഉള്ളതിനാൽ പ്രത്യേക അക്കൗണ്ടുകളിലേക്കുള്ള വരവ്-ചെലവുകൾ മറ്റ് അക്കൗണ്ടുകളിൽ നിന്ന് മാറുന്ന അവസ്ഥയുണ്ട്. താഴെ പറയുന്ന അക്കൗണ്ടുകൾ എന്തിനുള്ളവയാണെന്ന് വിശദീകരിച്ചിട്ടില്ല.

1.എസ്.ബി.റ്റി.ബയോഡൈവേഴ്സിറ്റി

2.എസ്.ബി.റ്റി.57040315636

3.എസ്.ബി.റ്റി.57040315647

4.എസ്.ബി.റ്റി.എസ്.എസ്.എ.3743

5.പി.എൻ.ബി.0100053596

6.എസ്.ബി.റ്റി.3016

7.ഐ.ഡി.ബി.ഐ.31888

8.ഐ.ഡി.ബി.ഐ. 9935

9.ഐ.സി.ഐ.സി.ഐ.03905000428

10.മാവേലിക്കര സബ് ട്രഷറി.295

11.സിൻഡിക്കേറ്റ് ബാങ്ക് സെൻസസ് അക്കൗണ്ട്.

12.പി.എൻ.ബി.69268

13.റ്റി.പി.എ.271

14.പി.എൻ.ബി. കോട്ടാത്തോട്.67222

ഇവയിൽ നിർജ്ജീവ അക്കൗണ്ടുകൾ ക്ലോസുചെയ്ത് വാർഷികകണക്കിൽനിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. സ്പെഷ്യൽ ഫണ്ടായി ലഭിച്ചതിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ അടക്കുകയോ സർക്കാർ അനുവാദത്തോടെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതികൾക്ക് സമയബന്ധിതമായി തുക ചെലവഴിച്ചില്ല.സർക്കാർ ഗ്രാന്റുകൾ പാഴായി

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതിനാൽ വർഷാവർഷം നഗരസഭയ്ക്ക് വൻതുക നഷ്ടമാകുന്നു.

2017-18 സാമ്പത്തിക വർഷാവസാനം നഗരസഭ ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| വികസന ഫണ്ട് (ജനറൽ) | 8451235 |
| വികസന ഫണ്ട് (എസ്.സി. പി) | 6523791 |
| [illegible] | |

| | |
|---|---|
| സി.എഫ്. സി | 14756667 |
| ~~കെ.എൽ.ജി.എസ്.ഡി.പി~~ | ~~6076267~~ |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 134821 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 31437 |
| ആകെ | 3,59,74,218 |

ലോകബാങ്ക് ധനസഹായം ഇനത്തിൽ ചെലവഴിക്കാതെ ശേഷിച്ച 60,76,267/- രൂപ നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. ഇതിന്റെ വിനിയോഗത്തിനുള്ള നിബന്ധനകളിൽ അടിക്കടി മാറ്റം വരുത്തിയതിനാലാണ് നഗരസഭയ്ക്ക് തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതിരുന്നത് എന്ന് എക്സിറ്റ് മീറ്റിംഗ് വേളയിൽ ചെയർപേഴ്സൺ അറിയിച്ചു. എങ്കിലും സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കൃത്യമായി പരിശോധിച്ച് ഉചിതസമയത്ത് ഉചിതമായ തീരുമാനം എടുക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയായതിനാൽ ഈയൊരു അഭിപ്രായം അംഗീകരിക്കാനാവില്ല. ലോകബാങ്ക് ധനസഹായം ഒഴികെയുള്ളവയ്ക്ക് സ്പിൽ ഓവർപ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട് എങ്കിലും നാളിതുവരെ മുൻവർഷം ചെലവഴിക്കാതെ ശേഷിച്ച ഫണ്ട് തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടില്ല. ഫലത്തിൽ ഇവ നഷ്ടപ്പെട്ട സ്ഥിതിയാണ്. നഗരസഭയ്ക്കു ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്ഥിരംസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാകണം.

# 3-2 പശ്ചാത്തലമേഖലയിലെ പദ്ധതി ആസൂത്രണ നിർവഹണത്തിൽ അപാകം

നഗരസഭയുടെ പശ്ചാത്തല മേഖലയിലെ പദ്ധതി ആസൂത്രണ നിർവഹണത്തിൽ അപാകങ്ങൾ പ്രകടമാണ്. അവ താഴെ വിവരിക്കുന്നു.

1.<u>അംഗീകരിക്കുന്ന പ്രോജക്ടുകൾ സമയത്ത് നടപ്പാക്കുന്നില്ല</u>

2017-18-ൽ ഏക വർഷ പ്രോജക്ടുകളാണ് നഗരസഭ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയത്. എന്നാൽ ഇവ സാമ്പത്തിക വർഷം തന്നെ നടപ്പാക്കുന്നതിൽ വലിയ വീഴ്ച കാണുന്നു. 2017-18-ൽ ആകെ 126 പ്രോജക്ടുകൾ പശ്ചാത്തല മേഖലയിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയിരുന്നു. ആ വർഷം നടപ്പാക്കിയത് 85 പ്രോജക്ടുകൾ. ഉപേക്ഷിച്ചത് 41 എണ്ണം. ഇതിൽ നിന്നും അംഗീകരിച്ച പ്രോജക്ടുകളുടെ 67% മാത്രമാണ് നഗരസഭയ്ക്ക് നിർവഹിക്കാനായത് എന്ന് തെളിയിക്കപ്പെടുന്നു.

പ്രോജക്ടുകൾക്ക് ഒപ്പം ചെലവഴിക്കുന്ന തുകയും വളരെ കുറവാണ്. 2017-18-ൽ ആകെ 83865735/- രൂപയാണ് പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തിയത്. ചെലവഴിക്കാനായത് 41826393/-രൂപ. ശതമാനം 49.87%.

2017-18-ൽ നിർവഹിച്ച പ്രോജക്ടുകളിൽ നല്ലൊരു ഭാഗം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. നഗരത്തെ ഒറ്റ യൂണിറ്റായി കണ്ട് പ്രോജക്ടുകൾ ആവിഷ്കരിക്കാത്തതാണ് എണ്ണപെരുപ്പത്തിന് കാരണം. വാർഡ് അടിസ്ഥാനത്തിൽ വികസനം വീതം വെക്കാതെ വികസനം ഉറപ്പ് വരുത്തുന്ന മികച്ചതും മിതവ്യയം സാധ്യമാക്കുന്നതുമായ പ്രോജക്ടുകളാണ് ആവിഷ്കരിക്കേണ്ടത്.

2.<u>പേപ്പർ ടെണ്ടറുകളിൽ കരാറുകാരുടെ ആധിപത്യം</u>

5 ലക്ഷത്തിന് താഴെ അടങ്കലുള്ള പ്രോജക്ടുകൾക്ക് പേപ്പർ ടെണ്ടറാണ് നഗരസഭ സ്വീകരിച്ചത്. ഇത്തരം ടെണ്ടറുകളിൽ കരാറുകാരുടെ ആധിപത്യവും അവിഹിത ഇടപെടലും തെളിയുന്നു. പേപ്പർ ടെണ്ടർ

പ്രോജക്ടുകളുടെ ടെണ്ടർ ഫോറം കരാറുകാർ വാങ്ങാറുണ്ടെങ്കിലും അവരിൽ പലരും ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ:

1.പ്രോജക്ട് 36/18- മണപ്പുറം പൊന്നാരംതോട്ടം റോഡ് റീകോൺക്രീറ്റിംഗ് (അടങ്കൽ-337000) ടെണ്ടർ ഫോറം രജിസ്റ്റർ അനുസരിച്ച് 7കരാറുകാർ ഫോറം വാങ്ങി. ആരും ടെണ്ടർ ഫോറം പൂരിപ്പിച്ച് സമർപ്പിച്ചില്ല.

2.പ്രോജക്ട് 70/18 ചരിവുപറമ്പിൽ ജെംസ് ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റിംങ് (അടങ്കൽ 190000). 4 കരാറുകാർ ടെണ്ടർ ഫോറം വാങ്ങി. ആരും പൂരിപ്പിച്ച് നല്കിയില്ല.

ടെണ്ടർ ഫോറം വാങ്ങുന്ന കരാറുകാരെ തുടർ നടപടികളിൽ പങ്കെടുപ്പിക്കാൻ നഗരസഭയ്ക്ക് കഴിയില്ലെന്നത് അംഗീകരിക്കുന്നു. എന്നാൽ അവരുടെ ഈ സമീപനം തങ്ങളുടെ താല്പര്യങ്ങൾ അടിച്ചേല്പിക്കാനുള്ള തന്ത്രമാണെന്ന് തിരിച്ചറിഞ്ഞ് അടങ്കൽ പരിഗണിക്കാതെ എല്ലാ പ്രോജക്ടുകളും ഇ-ടെണ്ടർ ചെയ്യുന്നത് പരിഗണിക്കേണ്ടതാണ്.

3.<u>വലിയ പ്രോജക്ടുകൾ സേവനവരുമാനദായക ആസ്തികളാകുന്നില്ല</u>

2017-18-ലെ നഗരസഭയുടെ ഏറ്റവും വലിയ പ്രോജക്റ്റാ (203/18) യിരുന്നു പ്രൈവറ്റ് ബസ് സ്റ്റാന്റ് വിപുലീകരണം. 12489838/-രൂപയാണ് ഇതിന് ലോക ബാങ്ക് സഹായം ചെലവഴിച്ചത്. പണി പൂർത്തിയാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഇത് വരുമാനദായക ആസ്തിയായില്ല. ആസൂത്രണത്തിലെ പാളിച്ചകൾ കാരണം ഇത് ഷോപ്പിംഗ് കോംപ്ലക്സ് ആക്കി മാറ്റാൻ നഗരസഭയ്ക്ക് 2018-19-ൽ 10 ലക്ഷം രൂപ അടങ്കലിൽ പുതിയ പ്രോജക്ട് (248/19) ഏറ്റെടുക്കേണ്ടി വന്നിരിക്കുകയാണ്. ഇത്തരം പദ്ധതി നിർവഹണം പൊതുപണം പാഴാക്കുന്നതിന് തുല്യമാണ്.

ലോകബാങ്ക് പ്രോജക്ടുകൾ സമയത്ത് പൂർത്തിയാക്കാതെ 6076267/-രൂപയാണ് നഗരസഭ നഷ്ടപ്പെടുത്തിയത്. ലോകബാങ്ക് സഹായം 20386157/-രൂപയാണ് നഗരസഭയ്ക്ക് ലഭ്യമായിരുന്നത്. പ്രോജക്ട് 203, 204, 205 എന്നിവയാണ് 2017-18-ൽ ലോകബാങ്ക് സഹായത്തിൽ നഗരസഭ ഏറ്റെടുത്തത്. ഇവയ്ക്ക് 14309890/-രൂപ ചെലവുണ്ട്. അനുവദിച്ചതിൽ 70.19% ശതമാനമാണ് നഗരസഭയ്ക്ക് ചെലവഴിക്കാനായത്. ബാക്കിയാണ് നഷ്ടപ്പെടുത്തിയ 60.76 ലക്ഷം. സമയത്ത് ചെലവഴിച്ചിരുന്നെങ്കിൽ സേവിംഗ്സ് ആയി ലഭിച്ച ഈ തുക കൂടി പുതിയ പ്രോജക്ടുകൾ തയാറാക്കി വരുമാനദായക ആസ്തികളാക്കി മാറ്റാമായിരുന്നു.

4.<u>വലിയ തുകകൾ ചെലവഴിക്കാതെ നഷ്ടപ്പെടുന്നു</u>

അടങ്കൽ തയാറാക്കുന്നതിൽ കൃത്യതയില്ലാത്തതിനാൽ വലിയ തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നതായി കാണുന്നു. പ്രോജക്ട് 185-തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി. 7 ലക്ഷമായിരുന്നു അടങ്കൽ. ചെലവഴിച്ചത് 410360/-രൂപ. നഷ്ടപ്പെടുത്തിയത് 289640/-രൂപ. പ്രോജക്ട് 186-ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ. അടങ്കൽ 1000000/-രൂപ. ചെലവഴിച്ചത് 595710/- രൂപ. നഷ്ടപ്പെടുത്തിയത് 404290/-. സർക്കാർ വികസന പ്രവർത്തനങ്ങൾക്ക് നല്കുന്ന ഫണ്ട് ഇത്തരത്തിൽ ചെലവഴിക്കാതെ നഷ്ടപ്പെടുത്തത് ശരിയല്ല.

പശ്ചാത്തല മേഖലയിലെ മുകളിൽ വിവരിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത് സ്ഥിരം സമിതിയുടേയും കൗൺസിലിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-3 'മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ' പ്രോജക്ട്.

# ഉപേക്ഷിച്ചെങ്കിലും ഗുണഭോക്തൃ വിഹിതം തിരികെ നൽകിയിട്ടില്ല

സീനിയർ വെറ്ററിനറി സർജൻ 2017-18 വർഷം മുട്ടക്കോഴി വളർത്തൽ-ജനറൽ (പ്രോജക്ട് നം.S107/18), പട്ടികജാതി (പ്രോജക്ട് നം.S112718) എന്നീ പ്രേജക്ടുകളിലെ ഗുണഭോക്തൃ വിഹിതമായി 07.02.2018ൽ 5,500/- രൂപ വീതം 12 ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇവർക്ക് 2017-18 – ൽ ആനുകൂല്യം നൽകിയിട്ടില്ല. 2018-19-ൽ പ്രോജക്ട് സ്പിൽ ഓവർ ആക്കിയിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല.

പ്രോജക്ട് നടപ്പാക്കാൻ കഴിയാതിരുന്നതിന്റെ കാരണവും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടില്ലാത്തതിനാൽ അവരുടെ വിഹിതം തിരികെ നൽകാത്തതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.6/14.01.19) 'SPDC മുഖേനയാണ് കോഴിയും കൂടും നൽകേണ്ടിയിരുന്നത് എന്നും 12 പേർക്കായി ഇത് നൽകുന്നതിന് അവർക്ക് ബുദ്ധിമുട്ടുള്ളതായി അറിയിച്ചു എന്നും മറുപടി നൽകി. 2018-19-ൽ സ്പിൽ ഓവറായി പ്രോജക്ട് നടപ്പാക്കാൻ ശ്രമിച്ചപ്പോഴും ഇതേ പ്രശ്നമുണ്ടായി' എന്നാണ് വെറ്ററിനറി സർജൻ നൽകിയ മറുപടി. തുടർന്ന് കൗൺസിൽ തീരുമാനപ്രകാരം ഗുണഭോക്തൃ വിഹിതം തിരികെ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചു.

മുട്ടക്കോഴി വളർത്തൽ-ജനറലിന് 191 പേരും പട്ടികജാതിയ്ക്ക് 75 പേരും അടങ്ങിയ ഗുണഭോക്തൃ ലിസ്റ്റ് ആണ് ഉള്ളത്. 46 മുതൽ 90 ദിവസം വരെ പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ യൂണിവേഴ്സിറ്റി പൗൾട്രി ഫാമിൽ നിന്നോ പൗൾട്രി കോർപ്പറേഷനിൽ നിന്നോ എഗ്ഗർ നഴ്സറിയിൽ നിന്നോ വാങ്ങുന്നതിനും ഇവയെ വളർത്തുവാനുള്ള കൂട് ഗുണഭോക്താവ് സ്വയം നിർമ്മിക്കുവാനും വാല്യുവേഷൻ മുനിസിപ്പാലിറ്റി ഓവർസിയർ നിശ്ചയിച്ചു നൽകുവാനുമുള്ള രീതിയിലാണ് പ്രോജക്ട് വിഭാവന ചെയ്തിരുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് സ്വന്തമായി കൂട് നിർമ്മിക്കുവാൻ പ്രയാസമായ സാഹചര്യത്തിൽ SPDC മുഖേന ടി പ്രോജക്ട് നടപ്പാക്കാൻ തീരുമാനിച്ചു (16.11.17ലെ 17-ാം നം. തീരുമാനം). എന്നാൽ 12 പേർ മാത്രമാണ് (9+3) ഗുണഭോക്തൃ വിഹിതം ഒടുക്കാൻ തയ്യാറായത്. ഈ പ്രോജക്ടിന്റെ ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ അതിന്റെ പ്രായോഗികത, ആവശ്യകത എന്നിവ കൂടി പരിഗണിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-4 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരം ലഭ്യമാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.S0099/18

അടങ്കൽ-312500 (വികസന ഫണ്ട്)

ചെലവ് 156250/-ബിൽ നം. 3/17-18 തീയതി 30.01.2018

സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ടിൽ നഗരസഭ വിഹിതമായ 156250/- രൂപ (25 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതം ) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസിലേയ്ക്ക് 30.01.18-ൽ നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടുണ്ടെങ്കിലും കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതി പ്രവർത്തനം പൂർത്തിയാകുന്നതു

വരെ മോണിറ്ററിംഗ് നടത്തേണ്ടതും വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ 156250/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 3-5 സാമൂഹ്യക്ഷേമപെൻഷൻ സംബന്ധിച്ച്

വിവിധ പെൻഷൻ അപേക്ഷകൾ ലഭിക്കുന്ന തീയതി, പരിശോധനാ ഉദ്യോഗസ്ഥന് കൈമാറുന്ന തീയതി, തിരികെ നൽകുന്ന തീയതി, അംഗീകരിക്കുന്ന/നിരസിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നു എന്ന് നിരീക്ഷിക്കണമെന്നും സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും 2017-18 ൽ കൃത്യമായി രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. 2017-18 വർഷം ഓരോ ഇനത്തിലും എത്ര അപേക്ഷകൾ ലഭിച്ചു, എത്ര അംഗീകരിച്ചു, എത്ര നിരസിച്ചു എന്നത് സംബന്ധിച്ച വ്യക്തതയില്ല. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകാരത്തിനായി കമ്മറ്റിക്കു ലഭിക്കുന്ന അപേക്ഷകൾ അംഗീകരിക്കുന്നതല്ലാതെ മേൽപ്പറഞ്ഞ വിഷയങ്ങളിൽ ശ്രദ്ധിക്കുന്നതായി കാണുന്നില്ല.

പ്രാഥമിക സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പെൻഷനുകളുടെ വിവരം മോണിറ്റർ ചെയ്യുന്നതിനായി സംഘങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണമെന്നും പെൻഷൻ വിതരണം മോണിറ്റർ ചെയ്യണമെന്നും വ്യവസ്ഥയുണ്ട് എങ്കിലും ഇപ്രകാരമൊരു കമ്മറ്റി രൂപീകരിച്ച് തുടർ പരിശോധന നടത്തുന്നില്ല. സേവനാവാകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കുന്നു എന്ന് സെക്ഷൻ ചുമതലയുള്ള ജീവനക്കാരനും, സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരും, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പു വരുത്തേണ്ടതാണ്.

# 3-6 ഗ്യാപ് ഫണ്ട് 4.75 ലക്ഷം നല്കിട്ടും സീറോ വേസ്റ്റിന് സ്വാശ്രയത്വമായില്ല

വയബിളിറ്റി ഗ്യാപ് ഫണ്ട് 474900/-രൂപ നല്കിയിട്ടും നഗരസഭയുടെ സീറോ വേസ്റ്റ് പ്രോജക്ട് സ്വാശ്രയത്വം കൈവരിച്ചില്ല. ഗ്യാപ് ഫണ്ട് നല്കുന്നത് പ്രോജക്ടിന് സാമ്പത്തിക സ്വാശ്രയത്വം നേടുവാനാണ്.

ചെലവിനൊപ്പം വരവില്ലാത്തതാണ് പ്രോജക്ടിന്റെ പ്രതിസന്ധി. പ്ലാസ്റ്റിക് രഹിത നഗരമാണ് പ്രോജക്ട് ലക്ഷ്യം. അത് നേടുവാൻ പ്രോജക്ടിന്റെ സാമ്പത്തിക ദൗർലഭ്യം നഗരസഭ അകറ്റേണ്ടതുണ്ട്.

ഹെൽത്ത് സൂപ്പർവൈസറു (എച്ച്.എസ്)ടെ 2017-18-ലെ 96/18പ്രോജക്ടിലാണ് വികസന ഫണ്ടിൽ നിന്നും ഗ്യാപ് ഫണ്ട് നൽകിയത് (ഫയൽ H1-8919/18). സീറോ വേസ്റ്റ് പ്രോജക്ടിലെ മാലിന്യ സംസ്കരണ സംരംഭക ഗ്രൂപ്പിനാണ് ഫണ്ട് നല്കിയത്. അവരുടെ സൗത്ത് ഇന്ത്യൻ ബാങ്ക് (എസ്.ഐ.ബി) അക്കൗണ്ടിൽ 3 ലക്ഷം നിക്ഷേപിച്ചു. ബാക്കി ഡിബിറ്റി യായി ഗ്രൂപ്പ് അംഗങ്ങൾക്ക് വേതനവും പരിശീലന ഫീസും നല്കി. പ്രോജക്ടിൽ പിരിക്കുന്ന രജിസ്ട്രേഷൻ ഫീസും യൂസർഫീസും നിക്ഷേപിക്കുന്നത് ഈ അക്കൗണ്ടിലാണ്.

സീറോ വേസ്റ്റിന്റെ സഹായക ഏജൻസി സോഷ്യോ ഇക്കണോമിക് യൂണിറ്റാണ് (എസ്.ഇ.യു.എഫ്). ഗ്രൂപ്പിന്റെ എസ്.ഐ.ബി അക്കൗണ്ട് എച്ച്.എസിന്റേയും എസ്.ഇ.യു എഫ് ജെഡിയുടേയും പേരിലാണ്. എസ്.ഇ.യു.എഫ് എൻജിയോ ആണ്.ഇവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നഗരസഭ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത് പുന:പരിശോ
ധിക്കേണ്ടതാണ്.

7 വനിതകളാണ് ഗ്രൂപ്പംഗങ്ങളായിട്ടുള്ളത്. കണ്ടിയൂർ കാളചന്തയിലെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ് ) സെന്ററിലാണ് ഗ്രൂപ്പ് പ്രവർത്തിക്കുന്നത്.

പ്ലാസ്റ്റിക് പുനരുപയോഗത്തിന് സംസ്കരിക്കുന്ന നഗരസഭയുടെ ഏക പ്ലാന്റാണ് എം.ആർ.എഫ്. പ്രോജക്ടിന്റെ പ്രതിസന്ധി ലക്ഷങ്ങൾ മുടക്കിയ എം.ആർ.എഫിനേയും ബാധിക്കും. 2016-17ലും 2017-18 ലും 2300967/-രൂപ മുടക്കിയാണ് എം.ആർ.എഫിന് കെട്ടിടവും പ്ലാന്റും ഒരുക്കിയത് (പ്ലാന്റിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ റിപ്പോർട്ടിലെ ഖണ്ഡിക (3-8) കാണുക).

ഗ്രീൻ ടെക്നീഷ്യമാർ എന്നാണ് ഗ്രൂപ്പ് അംഗങ്ങളുടെ പദവി. ഇവർക്ക് 6000/-രൂപ വീതമാണ് വേതനം. പുറമെ വാർഡുകളിൽ നിന്ന് ഇവർ ശേഖരിക്കുന്ന പ്ലാസ്റ്റിക് എം.ആർ.എഫിൽ എത്തിക്കുന്നതിന് വാഹന വാടകയും വേണം. നഗരസഭയുടെ മാലിന്യനീക്കത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾ ഉപയോഗിച്ചാൽ വാടക ലാഭിക്കാവുന്നതാണ്. എം.ആർ.എഫിലാണ് പ്ലാസ്റ്റിക്ക് ഷ്രെഡിംഗും ബയിലിംഗും. ഇതിന്റെ വൈദ്യുതി ചാർജ്, വെള്ളക്കരം, മറ്റ് ആവർത്തന ചെലവ് തനത് ഫണ്ടിൽ നിന്നാണ്. ഈ കണക്ക് പ്രത്യേകം സൂക്ഷിക്കുന്നില്ല.

ഗ്യാപ് ഫണ്ട് ഭൂരിഭാഗവും വേതനം നല്കാൻ ചെലവഴിച്ചതായി ഓഡിറ്റിൽ വ്യക്തമായി. ഇപ്പോഴത്തെ രീതി തുടർന്നാൽ പ്രോജക്ടിന് നിലനില്ക്കാൻ ഭാവിയിലും നഗരസഭയുടെ സഹായം വേണ്ടി വരും.

06.12.17ലാണ് പ്രോജക്ട് തുടങ്ങിയത്. 13.12.18 നീക്കിയിരിപ്പ് 111258/-രൂപയാണ്. ഈ തുക നഗരസഭയുടെ ഗ്യാപ് ഫണ്ടിലെ ബാക്കിയാണ്.

<u>ചെലവിന്റെ വിവരം</u>

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 10/06.01.2018 | 300000 |
| 2 | 36/24.02.2018 | 70000 |
| 3 | 59/24.03.2018 | 42000 |
| 4 | ബിൽ നം.വ്യക്തമല്ല | 42000 |
| 5 | ബിൽ നം.വ്യക്തമല്ല | 20900 |
| ആകെ | | 474900 |

പ്രോജക്ടിലെ മറ്റ് അപാകങ്ങൾ:

1.നടപടി ക്രമങ്ങൾ പാലിക്കാതെയാണ് ഗ്യാപ് ഫണ്ട് നല്കിയത്. പ്രോജക്ടിന്റെ വരവ് ചെലവ് കണക്ക് പരിശോധിച്ച് സ്വാശ്രയമാക്കാൻ വേണ്ട അളവിലാണ് ഗ്യാപ് ഫണ്ട് നിർണ്ണയിക്കേണ്ടത്. 7 പേരാണ് പ്രോജക്ടിൽ ഉള്ളത്. ഇവർക്ക് വേണ്ടി വികസന ഫണ്ടിൽ നിന്ന് 454000/-രൂപ നല്കിയതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

2.നഗരസഭയിൽ 29 വാർഡുകൾ ഉണ്ട്. പ്ലാസ്റ്റിക് ശേഖരിക്കാൻ 6 പേരും (7ഗ്രീൻ ടെക്നീഷ്യൻമാരിൽ ഒരാളെ എം.ആർ.എഫ് ഓഫീസ് ജോലിക്ക് മാറ്റിയിരിക്കുന്നു). ആളില്ലാത്തതിനാൽ പ്ലാസ്റ്റിക് ശേഖരണം വലിയ അളവിൽ നടക്കുന്നില്ല. വീടുകൾ മാത്രമാണ് പ്രോജക്ടിൽ രജിസ്റ്റർ ചെയ്തത്. അതും പൂർണമായില്ല. 7000ൽ അധികം വീടുകൾ നഗരത്തിലുണ്ട്. 31.09.18 വരെ 4487വീടുകളാണ് രജിസ്റ്റർ ചെയ്ത്തത്. മുഴുവൻ

വീടുകളേയും രജിസ്റ്റർ ചെയ്തിരുന്നെങ്കിൽ 350000 (7000x50) രൂപ ലഭിച്ചേനെ. പ്ലാസ്റ്റിക് മാലിന്യത്തിന്റെ വലിയ സ്രോതസ്സായ കടകളും ഓഫീസുകളും രജിസ്റ്റർ ചെയ്തിട്ടില്ല. സീറോ വേസ്റ്റ് മാനേജ്മെന്റ് എന്ന പ്രോജക്ട് ലക്ഷ്യം അട്ടിമറിക്കുന്നതാണ് ഈ ഒഴിവാക്കൽ. മുഴുവൻ സ്ഥാപനങ്ങളും വീടുകളും ഉൾപ്പെടുത്താൻ കഴിഞ്ഞാൽ തന്നെ പ്രോജക്ട് സ്വയംപര്യാപ്തത നേടും.

3.ഗ്രൂപ്പ് അംഗങ്ങൾ കുറവായതിനാൽ പ്ലാസ്റ്റിക് സംഭരണവും പരിമിതമാണ്. ആഴ്ചയിൽ രണ്ട് ദിവസമാണ് പ്ലാസ്റ്റിക് ശേഖരണം. ഇതിനാൽ വീടുകളിൽ നിന്ന് യൂസർഫീ കൃത്യമായി പിരിക്കാനാവുന്നില്ല. ഒരു വീടിന് മാസം 30/-രൂപയാണ് യൂസർഫീ. കൃത്യമായി പ്ലാസ്റ്റിക് ശേഖരണം നടന്നാൽ രജിസ്റ്റർ ചെയ്ത വീടുകളിൽ നിന്ന് തന്നെ വർഷം 360/-രൂപ വീതം ഏകദേശം 14 ലക്ഷത്തോളം രൂപ ലഭിക്കുമായിരുന്നു. ഇതിന്റെ പകുതി പിരിക്കാനായാൽ തന്നെ പ്രോജക്ട് സാമ്പത്തിക സ്വാശ്രയത്വം നേടും. എന്നാൽ പ്രോജക്ടിൽ ഇതേവരെ പിരിക്കാനായത് 331475/-രൂപ മാത്രം. 31.09.2018 വരെയുള്ള പിരിവാണിത്.

4.ശേഖരിക്കുന്ന പ്ലാസ്റ്റിക് സംസ്കരിക്കാത്തതാണ് പ്രതിസന്ധിക്ക് മറ്റൊരു കാരണം.

പ്ലാസ്റ്റിക് ശേഖരിക്കാത്ത ദിവസമാണ് സംസ്കരണം. ഇതിന്റെ അളവാകട്ടെ വളരെ പരിമിതവും. പ്രതിദിനം 1000 കിലോ പ്ലാസ്റ്റിക് സംസ്കരിക്കാൻ എം.ആർ.എഫിന് ശേഷിയുണ്ട്. പ്രോജക്ട് തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും സംസ്കരിച്ചത് 2000കിലോയാണ്. സ്ഥാപിത ശേഷിയുടെ വളരെ കുറഞ്ഞ അളവിലാണ് സംസ്കരണം.

5. സമീപ പഞ്ചായത്തുകൾ പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കാൻ പ്രോജക്ടിന്റെ സാധ്യത തേടിയിട്ടുണ്ട്. ഈ സാധ്യതയും ഉപയോഗിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല.

6.സംസ്കരിച്ച പ്ലാസ്റ്റിക് വിറ്റഴിക്കാൻ കഴിയുന്നില്ല. സംസ്കരിച്ച 2000 കിലോ പ്ലാസ്റ്റിക്കിൽ 1500 കിലോ വില്ക്കുവാനായത് മാസങ്ങൾക്ക് ശേഷമാണ്. പ്ലാസ്റ്റിക്ക് ചേർത്ത ടാർ നഗരസഭ റോഡ് പണിക്ക് ഉപയോഗിക്കുന്നുമില്ല.

7.പ്രോജക്ടിന്റെ നിർവഹണ ഏജൻസി സോഷ്യോ എക്കണോമിക് യൂണിറ്റാണ് (എസ്.ഇ.യു.എഫ്). പ്രോജക്ടിന് ഓഡിറ്റ് വർഷം പരിശീലനം ഒഴികെ മറ്റെന്തെങ്കിലും സേവനം ഇവർ നല്കിയതിന് തെളിവില്ല.

8.നഗരസഭയുടെ ഖരമാലിന്യ സംസ്കരണത്തിന് ഡി.പി.ആർ തയാറാക്കിയത് എസ്.ഇ.യു.എഫാണ്. നഗരസഭയ്ക്ക് കിട്ടുമെന്ന് ഉറപ്പുള്ള ഫണ്ടുകൾ ഉൾപ്പെടുത്തിയല്ല ഡി.പി.ആർ തയ്യാറാക്കിയത് (ഫണ്ടുകളുടെ വിവരം: കേന്ദ്രം– 6602780/- രൂപ, സംസ്ഥാനം – 4395565/- രൂപ, നഗരസഭ – 7866741/-രൂപ). ഡി.പി.ആറിന്റെ കാലാവധി അവസാനിക്കുമ്പോഴും അതിൽ പറഞ്ഞിരിക്കുന്ന ഭൂരിഭാഗം പ്രോജക്ടുകളും തുടങ്ങാൻ പോലും നഗരസഭയ്ക്ക് ആയിട്ടില്ല. ഡി.പി.ആർ പ്രായോഗികമല്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

മുകളിൽ വിവരിച്ചതിൽ നിന്നും കൃത്യമായ ആസൂത്രണത്തിന്റേയും മാനേജ്മെന്റിന്റേയും അഭാവമാണ് പ്രോജക്ടിനെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതെന്ന് തെളിയുന്നു. ആസൂത്രണത്തിലേയും മാനേജ്മെന്റിലേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എസ്.യു.ഇ.എഫിന്റെ സേവനങ്ങൾ വിവരിക്കുന്ന രേഖകൾ ഫയലില്ല. ഈ വസ്തുതകൾ പരിഗണിച്ച് എസ്ഇയുഎഫിന്റെ പങ്കാളിത്തം പുന:പരിശോധിക്കേണ്ടതാണ്.

സീറോ വേസ്റ്റ് പ്രോജക്ടിലെ പ്രതിസന്ധികൾ അടിയന്തരമായി പരിഹരിക്കുന്നതിന് നഗരസഭയുടേയും ഭരണവകുപ്പിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-7 മഴക്കാലപൂർവ്വശുചീകരണം.ഫണ്ട് വിനിയോഗം ക്രമപ്രകാരമല്ല

മവേലിക്കര നഗരസഭയിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. <u>സമയബന്ധിതമായി തുക ചെലവഴിക്കുന്നില്ല</u>

തദ്ദേശസ്വയം ഭരണ(ഡി.സി) വകുപ്പ്.സർക്കുലർ നം.127/17 ത.സ്വ.ഭ.വ.തീയതി.16.03.2017പ്രകാരം മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾക്കായി നഗരസഭതലത്തിലുള്ള കർമ്മ പരിപാടികൾ വിശദമാക്കിയിരുന്നു. ഇതിൻ പ്രകാരം നഗരസഭക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിനായി 10000/- രൂപ ശുചിത്വമിഷൻ വിഹിതം, 10000/-രൂപ എൻ.ആർ.എച്ച്.എം.വിഹിതം, 5000 രൂപ തനതുഫണ്ട് എന്നിങ്ങനെ വാർഡൊന്നിന് പരമാവധി 25000/- രൂപ ചെലവഴിക്കാവുന്നതാണ്. മുൻ വർഷത്തെ യൂട്ടലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അത് കഴിച്ച് മിച്ചമുള്ള തുക മാത്രമേ ലഭിക്കുകയുള്ളു എന്നും 2017 ജൂൺ 30 ന് മുൻപ് ചെലവഴിക്കുന്ന തുക മാത്രമേ മഴക്കാല പൂർവ്വ ശുചീകരണ ചെലവായി കണക്കാക്കുകയുള്ളു എന്നും, വിവിധ സ്രോതസ്സുകളിൽ നിന്നു ലഭിക്കുന്ന തുകയുടെ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും, ചെലവു സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമതികളിൽ നിന്നും ശേഖരിക്കേണ്ടതാണ് എന്നും കാമ്പയിനുകളും ശുചിത്വ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് അതാത് സെക്രട്ടറിമാർ ഉറപ്പാക്കണമെന്നും ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം സെക്രട്ടറിമാർക്ക് ആയിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിരുന്നു.

മാവേലിക്കര നഗരസഭയിലെ ചെക്ക് & ഡ്രാഫ്റ്റ് പ്രകാരം മഴക്കാല പൂർവ്വശുചീകരണത്തിനായി എൻ.ആർ.എച്ച്.എം,ശുചിത്വഫണ്ടുകൾ, 19.05.2017ൽ 248360/-രൂപയും 21.06.2017 പ്രകാരം 2,80,000/- രൂപയും ലഭിച്ചിട്ടുണ്ട്. ഈ തുക 28 വാർഡുകൾക്കായി വീതിച്ചുനൽകിയിട്ടുണ്ട്. 21വാർഡുകൾ ചെലവുരേഖകൾ ഹാജരാക്കി യിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള തുക ജൂൺ 30-ന മുമ്പായി ചെലവഴിക്കണമെന്നും ചെലവുരേഖകൾ സെക്രട്ടറി രണ്ടാഴ്ചക്കകം ശേഖരിച്ച് അതിനനസൃതമായി വിനിയോഗസാക്ഷ്യപത്രം നൽകണമെന്നമാണ് സർക്കാർ നിർദ്ദേശമെങ്കിലും 4.5.6, 7.17, 22, 28 എന്നീ വാർഡുകളിൽനിന്നും ഇതുവരെ ചെലവുരേഖകൾ വാങ്ങിയിട്ടില്ല. യഥാർത്ഥ ചെലവുരേഖകൾ പരിഗണിക്കാതെ വിനിയോഗസാക്ഷ്യപത്രം നൽകുന്ന എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 4.5.6,7.17,22,28 വാർഡുകളിൽനിന്നും ചെലവുരേഖകൾ ലഭ്യമാക്കണമെന്നും, ഇത് ലഭ്യമാക്കാത്ത പക്ഷം സമയബന്ധിതമായി ചെലവുരേഖകൾ വാങ്ങി സൂക്ഷിക്കാതിരുന്ന സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ് എന്നും സൂചിപ്പിച്ച് എൻക്വയറി നൽകിയിരുന്ന എങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകൾ ലഭ്യമാക്കാത്ത ഏഴ വാർഡുകൾക്ക് നൽകിയ 1,32,090 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>2. 2016-17ൽ അനുവദിച്ച തുക ചെലവഴിച്ചില്ല – തുക തിരിച്ചടക്കേണ്ടതാണ്</u>

അതാത് വർഷം മഴക്കാല പൂർവ്വശുചീകരണത്തിനായി അനുവദിക്കുന്ന തുക അതാത് സാമ്പത്തികവർഷം ജൂൺ-30നു മുമ്പ് ചെലവഴിക്കണമെന്നും ഇപ്രകാരമുള്ള ചെലവുകൾ മാത്രമേ മഴക്കാലപൂർവ്വ ശുചീകരണചെലവായി പരിഗണിക്കാവൂ എന്നുമുള്ള നിബന്ധന നിലനിൽക്കേ 18-ാം വാർഡിൽ മുൻ വർഷം നൽകിയ തുകയും പലിശയും ഉൾപ്പെടെ 20226/- രൂപ 2016- 2017 വർഷാവസാനം അക്കൗണ്ടിൽ

നിൽക്കുന്നു. ശുചീകരണ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ല എന്നതും വാർഡ് ശുചീകരണ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു. മുൻവർഷം ചെലവഴിക്കാതെ ശേഷിച്ച തുക തിരിച്ചടച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**3.<u>മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ- വാർഡ് ശുചീകരണ അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിലെ അപാകത</u>**

വാർഡ് ശുചീകരണ അക്കൗണ്ടിൽ നിന്നും തുക സേവനമോ (ഉദാ:- ഓട വൃത്തിയാക്കൽ) സാധനമോ (ഉദാ:-ബ്ലീച്ചിംഗ് പൗഡർ മുതലായവ) നൽകുന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർചെയ്യുകയോ, ചെക്കായി നൽകുകയോ ചെയ്യുന്നതിനു പകരം സെൽഫായി മാറുകയോ, കൗൺസിലറുടെ പേരിൽ മാറുകയോ ചെയ്യുന്നു.

ഉദാ.**1-ാം വാർഡ്.**

ചെക്ക്നം.730411 dt.4-7-17-10000 രൂപ(തുക പിൻവലിച്ചത് സെൽഫ് ചെക്ക് വഴി)

730412 dt.27-7-2017---20000.(തുക പിൻവലിച്ചത് ശ്രീരഞ്ജിനി അമ്മയുടെ പേരിൽ.)

**2-ാം വാർഡ്.**തുക പിൻവലിച്ചത്.ജയശ്രീ അജയകുമാറിന്റെ പേരിൽ.

ചെക്ക്നം.731751 dt.7-7-17-10000 രൂപ

731752 dt.11-1-2018---20000

**13-ാം വാർഡ് –** തുക പിൻവലിച്ചത് - ശ്രീമതി.അംബികയുടെ പേരിൽ.

ചെക്ക്നം.729372 dt.19-7-17-20000/- രൂപ

സെൽഫ് ചെക്ക് വഴിയും, കൗൺസിലറുടെ പേരിലും തുക പിൻവലിക്കുന്നത് ശരിയായ നടപടിയല്ല. ഇത് ആവർത്തിക്കാതിരിക്കുന്നതിന് ആരോഗ്യസ്ഥിരം സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**4.<u>ചെലവുരേഖകൾ ഭൂരിപക്ഷവും യന്ത്രസഹായത്താൽ കാടു വെട്ടുന്നതിന്</u>**

മഴക്കാലപൂർവ്വശുചീകരണത്തിനായി കൈക്കോള്ളേണ്ട പ്രവർത്തനങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുള്ളവയാണ്. ഒന്നോ രണ്ടോ വാർഡുകൾ ഒഴികെ മറ്റു വാർഡുകളെല്ലാം യന്ത്രസഹായത്താൽ കാടുവെട്ടി എന്ന് വെള്ളപേപ്പറിൽ തയ്യാറാക്കിയ കൈപ്പറ്റു രസീതികൾ മാത്രമാണ്. ഇത്തരം ചെലവുരേഖകൾ ശുചീകരണപ്രവർത്തനങ്ങളുടെ നിജസ്ഥിതി ചോദ്യംചെയ്യുന്നവയാണ്. ഫണ്ട് കൂടുതൽ ജനോപകാര പ്രദമായും സുതാര്യമായും വിനിയോഗിക്കപ്പെടുന്നതിനാണ് ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി വാർഡ് ശുചീകരണ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും കൃത്യമായ ചെലവുരേഖകൾ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ശുചീകരണപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുക ശരിയായി വിനിയോഗിക്കപ്പെടുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആദ്യഖണ്ഡികയിൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾ കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

# 3-8 പ്ലാസ്റ്റിക് ബയിലിംഗ് യൂണിറ്റ് സ്ഥാപനം - രേഖകൾ ഹാജരാക്കിയില്ല

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ പ്ലാസ്റ്റിക് സ്ഥാപിക്കുന്നതിന് 77/18-ാം നമ്പർ പ്രോജക്ട് പ്രകാരം 5,29,171/- രൂപ (ബിൽ നം.6/17.10.17) ചെലവഴിച്ചിട്ടുണ്ട്. ടി ചെലവിനെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ നല്കിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. നഗരസഭവക മെറ്റീരിയൽ റിക്കവറി സെന്ററിൽ പരിശോധന നടത്തിയപ്പോൾ അവിടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും ബയിലിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടുമുണ്ട്. എന്നാൽ ടി പ്രോജക്ടിന്റെ ചെലവ് പ്രകാരം വാങ്ങിയ ബയിലിംഗ് യൂണിറ്റ് തന്നെയാണ് സ്ഥാപിച്ചതെന്ന് ഉറപ്പാക്കാനാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-9 പഠനമുറി നിർമ്മാണം പൂർത്തിയായില്ല; വിദ്യാർത്ഥികൾക്ക് അർഹമായ പ്രോത്സാഹനം സാദ്ധ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം : പേര് | 234/18, 245/18<br>പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണം | ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രോജക്ട് ഓഫീസർ |

പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം നല്കുന്നതിനായി 2017-18 - ൽ രണ്ട് പ്രോജക്ടുകൾ നടപ്പാക്കുകയുണ്ടായി. ടി പ്രോജക്ടിന്റെ ഗുണഭോക്താക്കൾ യഥാസമയം പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുകയെന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കാനായില്ല. നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്ത പഠനമുറിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

<u>പ്രോജക്ട് നം. 234/18</u>

പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രോത്സാഹനം എന്ന നിലയിൽ 10 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപ വീതം സബ്സിഡി നല്കുന്നതിന് വേണ്ടി ആസൂത്രണം ചെയ്ത പ്രോജക്ടാണിത്. 10 ഗുണഭോക്താക്കൾക്ക് 2017-18 – ൽ മുൻകൂറായി 50000/- രൂപ വീതം 5 ലക്ഷം രൂപ വിതരണം ചെയ്തു. ഇതിൽ 4 പേർ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി ഒരു ലക്ഷം രൂപ വീതം നാളിതുവരെ (22.01.2019 വരെ) കൈപ്പറ്റിയിട്ടുണ്ട്. ബാക്കി 6 പേർ ഇപ്പോഴും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 2017-18ൽ കൈപ്പറ്റിയ തുക | 2018-19 ൽ കൈപ്പറ്റിയ തുക | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | വിനോദ് | 50000 | 0 | 50000 |
| 2 | ഹരിദാസ് | 50000 | 20000 | 70000 |
| 3 | ഗിരിജ | 50000 | 20000 | 70000 |
| 4 | ശിവപ്രസാദ് | 50000 | 20000 | 70000 |

| | | | | |
|---|---|---|---|---|
| 5 | അനിൽകുമാർ | 50000 | 20000 | 70000 |
| 6 | ശിവൻ | 50000 | 20000 | 70000 |

<u>പ്രോജക്ട് നം. 245/18</u> (<u>സ്പിൽ ഓവർ പ്രോജക്ട്</u>)

2016-17 ലെ 193/17 നം. പ്രോജക്ട് പ്രകാരം നിർമ്മാണത്തിന് ആനുപാതികമായി തുക കൈപ്പറ്റിയതും പണി പൂർത്തിയാക്കാതിരുന്നതുമായ 6 ഗുണഭോക്താക്കളിൽ 3 പേർ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി സബ്സിഡി മുഴുവൻ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്നവർ ഓഡിറ്റ് സമയത്തും (22.01.2019) നിർമ്മാണം പൂർത്തിയാക്കി ബാക്കിത്തുക കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 2016-17ൽ കൈപ്പറ്റിയ തുക | 2017-18ൽ കൈപ്പറ്റിയ തുക | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ശ്രീമതി. വനജ | 50000 | 30000 | 80000 |
| 2 | ശ്രീ. ജയൻ.കെ | 60000 | 0 | 60000 |
| 3 | ശ്രീ.സുരേഷ് കുമാർ | 50000 | 0 | 50000 |

നിലവിൽ ടി മൂന്നു പേരുടെ പഠനമുറിയുടെ നിർമ്മാണം എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും ബാക്കിത്തുക നല്കാത്തതിന്റെ കാരണമെന്താണെന്നും അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണം നല്കിയതിന് മറുപടി ലഭിച്ചില്ല. നിർമ്മാണം പൂർത്തിയാകാത്തത് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പഠനസഹായം നിഷേധിക്കലാണ്. എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പഠനമുറിയുടെ നിർമ്മാണം സാധ്യമാകാത്തപക്ഷം കൈപ്പറ്റിയ സബ്സിഡിത്തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

# 3-10 മാവേലിക്കര നഗരസഭ-എച്ച്.എം.ഗവ.എച്ച്.എസ്.എസ്. മാവേലിക്കര നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ പദ്ധതി-സൈക്കിൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

മാവേലിക്കര നഗരസഭ എച്ച്.എം.ഗവ.എച്ച്.എസ്.എസ്. മാവേലിക്കര നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ പ്രോജക്ട് നിർവ്വഹണത്തിൽ ഇരുപത് ആൺകുട്ടികൾക്കുള്ള സൈക്കിളുകളും നാൽപ്പത് പെൺകുട്ടികൾക്കുള്ള സൈക്കിളുകളും വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മുരളി സൈക്കിൾ മാർട്ട് എന്ന സ്ഥാപനത്തിൽ നിന്നുള്ള ക്വട്ടേഷൻ അംഗീകരിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. ഈ പ്രോജക്ടിനായി ബിൽ നം./തീയതി

27.09.17പ്രകാരം 191500/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതിചേർത്ത് നിയമാനുസൃതകരാർ വച്ചിട്ടില്ല.
2.സൈക്കിളുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ 18 ആൺകുട്ടികളുടെയും 28 പെൺകുട്ടികളുടെയും അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ആകെ വാങ്ങിയതിൽ 12 പെൺകുട്ടികളുടെ സൈക്കിളുകളും 2 ആൺകുട്ടികളുടെ സൈക്കിളുകളും വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നു.

യഥാർത്ഥ ഗുണഭോക്താക്കളെ നിശ്ചയിക്കാതെ വാങ്ങൽ നടത്തുന്ന പ്രവണതയാണ് ഇത് വെളിവാക്കുന്നത്. 2014-15 വർഷം കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങിയത് ഇപ്പോഴും വിതരണം ചെയ്യാതെ നഗരസഭയുടെ സാംസ്കാരികനിലയത്തിൽ സൂക്ഷിച്ചിരിക്കുന്നതായും കാണുന്നു. വിതരണം ചെയ്യാത്ത സൈക്കിളുകളുടെ ചെലവ് (2879.46x12+2790.18x2 =5580.36+34553.52) 40134/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-11 സർക്കാർ മാർഗ്ഗനിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് സ്കോളർഷിപ്പ് നല്കി

**1.<u>അനുവദനീയമായതിലും അധികം സബ്സിഡി നൽകിയത്</u>**

സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം മെഡിക്കൽ കോഴ്സിന് 30000 രൂപ, എഞ്ചിനീയറിംഗ് കോഴ്സിന് 20000 രൂപ, ബിരുദബിരുദാനന്തര കോഴ്സിന് 30000 രൂപ, മറ്റെല്ലാ കോഴ്സിനും 15000 രൂപ സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്നവർക്ക് 50000 രൂപ എന്ന നിലയിൽ സ്കോളർഷിപ്പ് അനുവദനീയമാണ്. ഇപ്രകാരം പോളിടെക്നിക്കിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് 15000 രൂപയാണ് അനുവദനീയമായത്. എന്നാൽ ടി പ്രോജക്ട് പ്രകാരം സ്കോളർഷിപ്പ് ലഭിച്ച അരുൺ.എസ്, കളത്തിൽ, കണ്ടിയൂർ എന്ന വിദ്യാർത്ഥി കോട്ടയം ജില്ലയിലെ, നാട്ടകത്ത് പ്രവർത്തിക്കുന്ന സർക്കാർ പോളിടെക്നിക്കിലാണ് പഠിച്ചത്. ടി സ്ഥാപനത്തിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സാണ് നിലവിലുള്ളത്. പ്രസ്തുത കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് 15000 രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കാവുന്നത് എന്നിരിക്കെ ടിയാന് 20000 രൂപ അനുവദിച്ചു. ഇവിടെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് 5000 രൂപ കൂടുതലായി നല്കുകയാണുണ്ടായത്. മാർഗ്ഗനിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് നല്കിയ 5000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നു.

**2.<u>യോഗ്യത ഉറപ്പാക്കാതെ ആനുകൂല്യം നല്കി</u>**

പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം കേന്ദ്രസംസ്ഥാനതല പ്രവേശനപരീക്ഷയിൽ യോഗ്യത നേടി പഠനം നടത്തുകയെന്നതാണ്. എന്നാൽ താഴെപ്പറയുന്നവർ ഇപ്രകാരം യോഗ്യത നേടിയവരാണെന്ന് ഉറപ്പാക്കാതെയാണ് സ്കോളർഷിപ്പ് നല്കിയതെന്ന്, ഹാജരാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | കോഴ്സിന്റെ വിവരം | പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് | സ്കോളർഷിപ്പ് തുക(രൂപ) |
|---|---|---|---|---|
| 1 | അമൽ ഗോപാൽ | ഡിപ്ലോമ ഇൻ പ്ലാന്റ് എഞ്ചിനീയറിംഗ് | നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ബാഗ്ലൂർ | 50000 |
| 2 | ഗീതു ഗോപി | ബി.എ(എൽ.എൽ.ബി) | ശ്രീനാരായണ കോളേജ് ഓഫ് | 15000 |

| | | | | |
|---|---|---|---|---|
| | | | ലീഗൽ സ്റ്റഡീസ്, കൊല്ലം | |
| 3 | രാഹുൽ. ആർ | ഡിപ്ലോമ ഇൻ പ്ലാന്റ് എഞ്ചിനീയറിംഗ് | നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ബാംഗ്ലൂർ | 50000 |
| 4 | അനഘ സുരേഷ് | ബി.ടെക് | ശ്രീബുദ്ധാ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാട്ടൂർ | 20000 |
| 5 | ഐശ്വര്യ.എം | ബി.ടെക് | കാർമ്മൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, ആലപ്പുഴ | 20000 |
| 7 | ദിജു ദേവരാജൻ | ബി.ബി.എം | കോശീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ | 50000 |
| 8 | ദേവി.എം.ദാസ് | ഡിപ്ലോമ ഇൻ ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി | ബെൻസിഗർ കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | 15000 |

പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർ അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിലാണ് കോഴ്സിൽ പ്രവേശിച്ചതെന്ന് ഉറപ്പാക്കിയാൽ മാത്രമേ അർഹരായവർക്ക് മാത്രം ആനുകൂല്യം ലഭിക്കുകയുള്ളൂ. സംസ്ഥാനത്തിന് വെളിയിൽ എല്ലാ കോഴ്സിൽ പഠിക്കുന്നവർക്കും 50000 രൂപ എന്ന നിരക്കിലും അതേ കോഴ്സിന് കേരളത്തിൽ പഠിക്കുന്നവർക്ക് അതിൽ കുറവായ നിരക്കിലുമാണ് ഇപ്പോൾ സ്കോളർഷിപ്പ് നല്കിവരുന്നത്. അതുകൊണ്ട് തന്നെ കേരളത്തിന് വെളിയിൽ പഠിക്കുന്നവർ മെറിട്ടോറിയസ് ആണെന്ന് ഉറപ്പുവരുത്തി മാത്രമേ സ്കോളർഷിപ്പ് നല്കാവൂ. മുകളിൽ പറയുന്ന 8 വിദ്യാർത്ഥികളുടെ അർഹത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധിക്കാനാകാത്തതിനാൽ ടിയാളുകൾക്ക് നല്കിയ സ്കോളർഷിപ്പു തുക 2,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ആകെ ചെലവ് 5,95,000/- ബിൽ നം.15/16.01.18)

**3.<u>സ്കോളർഷിപ്പ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല</u>**

ടി പ്രോജക്ട് പ്രകാരം സ്കോളർഷിപ്പ് ലഭിച്ച 20 വിദ്യാർത്ഥികളിൽ 18 പേർക്കും അർഹമായ പരമാവധി തുക നല്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ബിരുദത്തിന് (B.A. LLB) പഠിക്കുന്ന രണ്ട് കുട്ടികൾക്ക് മാത്രം 30000/- രൂപയുടെ സ്കോളർഷിപ്പിന് അർഹതയുണ്ടെങ്കിലും 15000/- രൂപ വീതമാണ് നല്കിയിട്ടുള്ളത്. രണ്ടു പേർക്ക് മാത്രം അർഹമായ നിരക്കനുസരിച്ച് സ്കോളർഷിപ്പ് നല്കാതിരുന്നതിന്റെ കാരണം അന്വേഷിച്ച് ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും വിശദീകരണം നല്കിയില്ല.

ഭാവിയിൽ എല്ലാ കുട്ടികൾക്കും അർഹമായ നിരക്കിൽ സബ്സിഡി നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-12 പാലിയേറ്റീവ് കെയർ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല സബ്സിഡറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ

ബിൽ നമ്പർ. 06/17-18/30-12-2017 പ്രകാരം 60000/-രൂപ മരുന്നിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 35952/- രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചതായി ഫയലിൽ സൂചനയില്ല. ലഭിച്ചിട്ടില്ലാത്ത മരുന്നിന്റെ വിലയായ 35952/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന

ലഭ്യമാകുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വരവുചെലവുകൾ രേഖപ്പെടുത്തുന്നതിനായി സബ്സിഡറി ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

# 3-13 പി.എം.എ.വൈ പദ്ധതി എത്രയും വേഗം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ആനുകൂല്യം സാധ്യമാക്കേണ്ടതാണ്

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം 152 അർഹരായ ഗുണഭോക്താക്കളാണുള്ളത്. ഇവർക്ക് കേന്ദ്രസംസ്ഥാനനഗരസഭാവിഹിതങ്ങൾ ഉൾപ്പടെ 6,08,00,000 രൂപയാണ് ആകെ സബ്സിഡി നല്കേണ്ടത്. നാളിതുവരെ 3,28,10,000/- രൂപ സബ്സിഡി നല്കിയിട്ടുണ്ട്. 2,28,00,000 രൂപയാണ് കേന്ദ്രവിഹിതം ലഭിക്കേണ്ടത് എന്നിരിക്കെ 1,04,25,000 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 76,00,000 രൂപ സംസ്ഥാനവിഹിതം വകയിരുത്തി യിട്ടുണ്ടെങ്കിലും 34,75,000 രൂപ മാത്രമാണ് നാളിതുവരെ നഗരസഭയിൽ ലഭിച്ചിട്ടുള്ളത്. എത്രയും വേഗം ബാക്കിത്തുക ലഭിക്കുന്നതിനും ഗുണഭോക്താക്കൾക്ക് അർഹമായ തുക നല്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-14 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം സാധ്യമായില്ല

വിവിധ ഭവനനിർമ്മാണ പ്രോജക്ടുകൾ പ്രകാരം മുൻപ് സബ്സിഡി ലഭിച്ചതും നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ച പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന പ്രോജക്റ്റ് പ്രകാരം (നം:80/18) ശ്രീ.കെ.ജി.മുരളീധരൻ, കോട്ടയ്ക്കകത്ത് എന്ന വ്യക്തിയ്ക്ക് 3,42,857/- രൂപയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. ടിയാന് 2017-18 – ൽ 1,70,000 രൂപയും 2018-19 ൽ 1,32,857 രൂപയും ഉൾപ്പടെ 3,02,857/- രൂപ നല്കിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടിയാന്റെ വീടുപണി പൂർത്തിയായിട്ടുണ്ടെന്നും വീടിന് നമ്പർ ഇട്ടതിന് ശേഷം ബാക്കിത്തുക നല്കുന്നതാണെന്നും അറിയിച്ചു. ടിയാന് അർഹമായ ആനുകൂല്യം എത്രയും വേഗം നല്കി പ്രോജക്റ്റ് ലക്ഷ്യം സാധ്യമാക്കേണ്ടതാണ്.

# 3-15 ജീവനക്കാരുടെ കുടിശ്ശിക ശമ്പളത്തിൽ നിന്നും പെൻഷൻവിഹിതം ഒടുക്കുന്നില്ല

1996-ലെ കേരള മുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്കം റിട്ടയർമെന്റ് ബനിഫിറ്റ് ചട്ടങ്ങൾ ചട്ടം 8.2 പ്രകാരം കുടിശ്ശിക വേതനം നൽകേണ്ടി വരുമ്പോൾ ആ ബില്ലിൽ തന്നെ ബന്ധപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടുത്തി ബില്ല് പാസ്സാക്കേണ്ടതും പതിനഞ്ച് ദിവസത്തിനകം ഒടുക്കുവരുത്തേണ്ടതുമാണ്. 2017-18 വർഷം പെൻഷൻ കുടിശ്ശിക ഇനത്തിൽ ഏഴ് ലക്ഷത്തിലധികം തുക പിൻവലിച്ചെങ്കിലും ആനുപാതികമായ പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള വിഹിതം ഒടുക്കു വരുത്തുന്നതിന് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-16 ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കാത്തത്

# സംബന്ധിച്ച്

<u>**മുൻസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല**</u>

കേരള മുൻസിപ്പൽ ചട്ടങ്ങൾ (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ചട്ടങ്ങൾ) ചട്ടം 10 പ്രകാരം റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നത് നിക്ഷേപിക്കുന്നതിനായി ഒരു മുൻസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതും റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഈ അക്കൗണ്ട് വഴി നൽകേണ്ടതുമാണ്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു അക്കൗണ്ട് തുടങ്ങിയിട്ടില്ല. പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി ഒടുക്കുന്നുണ്ടെങ്കിലും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നില്ല. ആയതിനാൽ പ്രതിമാസപെൻഷൻ തുകകൾ നഗരസഭയുടെ തനതുഫണ്ടിൽനിന്നാണ് നൽകിവരുന്നത്. ഇത് സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. 2017-18 വർഷം 08.03.18-ൽ 8732278/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ലഭിച്ചിരുന്നു. ഈ തുക തനതുഫണ്ടിലേക്ക് റീ ക്ലപ്പചെയ്യുകയാണുണ്ടായത്.

# 3-17 ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് ക്രമീകരിക്കാത്തതു സംബന്ധിച്ച്

പ്രത്യേക സന്ദർഭങ്ങളിൽ അനുവദിക്കാവുന്ന അഡ്വാൻസുകൾ മൂന്നുമാസത്തിനകം ക്രമീകരിക്കാത്ത പക്ഷം 18% പലിശസഹിതം മുഴുവൻ തുകയും തിരികെ ഈടാക്കാൻ സർക്കാർ ഉത്തരവ് GO(P) No.419/11 fin dt.04.10.2011 പ്രകാരം ഉത്തരവായിരുന്നു.

2017-18 സാമ്പത്തിക വർഷം മാവേലിക്കര നഗരസഭ പലവിധ ചെലവുകൾക്കായി ജീവനക്കാർക്ക് അഡ്വാൻസ് നൽകിയ താഴെ പറയുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വർഷങ്ങളായി ഇപ്രകാരം നൽകിയ തുകകൾ ക്രമീകരിക്കാത്ത സ്ഥിതി സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിലും പ്രതിപാദിച്ചിരുന്നു എങ്കിലും നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചില്ല. നാളിതുവരെ ക്രമീകരിക്കാത്ത തുകകൾ 18% പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നം.& തീയതി. | അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരന്റെ പേര് | ആവശ്യം | തുക | കുറിപ്പ് |
|---|---|---|---|---|
| 17 03.11.2017 | ശ്രീ.ശ്രീജിത്ത്.എസ് | പ്രതിഭാ സംഗമം | 50000 | |
| 27/ 07.11.2017 | ശ്രീ.സുനിൽകുമാർ ജൂനിയർഹെൽത്ത് ഇൻസ്പെക്ടർ.11 | ഡംബിംഗ് യാർഡ് മണ്ണിടുന്നതിന് | 30000 | |
| 13.11.2017 | ശ്രീ.വിനോദ്കുമാർ.ജി. | സ്വാതന്ത്ര്യ ദിനാഘോഷ ചെലവുകൾ | 15000 | അഡ്വാൻസ് രജിസ്റ്ററിൽ ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്രമീകരണ വൗച്ചറുകൾ ഇല്ല. |
| 19/ 18.12.2017 | ശ്രീ.സുനിൽകുമാർ ജൂനിയർഹെൽത്ത് ഇൻസ്പെക്ടർ.11 | വിമുക്തി | 20000 | |
| 39 | ശ്രീ.സുനിൽകുമാർ | ഡിസാസ്റ്റർ മാനേജ്മെന്റ് | 10000 | |

| | | | | |
|---|---|---|---|---|
| 30.12.2017 | ജൂനിയർഹെൽത്ത് ഇൻസ്പെക്ടർ.11 | അവയർനെസ്സ് പ്രോഗ്രാം | | |
| 41/30.12.2017 | ശ്രീ.ബിനുജി.ആർ.ഐ. | കലണ്ടർ | 600 | |
| 20/08.01.2018 | ശ്രീമതി.ലക്ഷ്മി.LDC | പാഴ്സൽ ചാർജ്ജ് | 549 | |
| 38/2/18 DT 26.02.18 | കെ.ജോൺ | വസ്തുനികുതി പിരിവ് | 15000 | |
| ആകെ. | | | 141149 | |

സർക്കാരിന്റെ നിലവിലുള്ള അംഗീകാരത്തിന്റെ പരിധിയിൽപ്പെടാത്ത കണ്ടിജന്റ് ചെലവുകൾക്കായി പ്രത്യേക സന്ദർഭങ്ങളിൽ അഡ്വാൻസ് അനുവദിക്കാം എന്നാണ് കേരളഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രതിപാദിക്കുന്നത്. 1000/-രൂപയിൽ അധികമുള്ള ചെലവുകൾ ക്യാഷായി നടത്താൻ പാടില്ല എന്നും തുക സേവനമോ, സാധനമോ ലഭ്യമാക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം എന്നും ഉത്തരവ് നിലനിൽക്കേ, സർക്കാരിന്റെ ചെലവ്അനുവാദമുള്ള ഇനങ്ങൾക്കായി അഡ്വാൻസായി തുക കൈവശം വച്ച് ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. അഡ്വാൻസ് നൽകൽ നിയമാനുസൃതവും അടിയന്തിര ആവശ്യങ്ങൾക്കായും പരിമിതപ്പെടുത്തണം. നൽകുന്ന അഡ്വാൻസുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ ക്രമീകരിക്കുന്നതിനും ഇല്ലാത്ത പക്ഷം പലിശ സഹിതം തിരികെ ഈടാക്കാനും ശ്രദ്ധ ചെലുത്തണം.

# 3-18 ജീവനക്കാരുടെ ലീവ് പരിപാലനം തൃപ്തികരമല്ല

**ജീവനക്കാരുടെ ലീവ്-എസ്റ്റാബ്ലിഷ്മെന്റ് സംവിധാനം ഫലപ്രദമല്ല**

ജീവനക്കാരുടെ ഹാജർ പുസ്തകം, കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ജീവനക്കാരുടെ ഹാജർ, ലീവ് ഇവ സംബന്ധിച്ച നിയന്ത്രണം ഫലപ്രദമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കാഷ്വൽ ലീവ് രജിസ്റ്റർ സെപ്റ്റംബർ മാസം വരെ മാത്രമേ എഴുതിയിട്ടുള്ളൂ.
2. ഹാജർപുസ്തകത്തിൽ പല ജീവനക്കാരുടേയും കാഷ്വൽ ലീവ് അക്കൗണ്ട് പൂർത്തിയാക്കിയിട്ടില്ല. ഉദാ: ശ്യംകുമാരി, സീനിയർ ക്ലാർക്ക്.
3. പച്ചമഷിക്ക് വരച്ചിട്ടുള്ള കോളങ്ങളിൽ ജീവനക്കാർ ഒപ്പുവച്ചിട്ടുള്ളതായി കാണുന്നു.
4. ഹാജർ രേഖപ്പെടുത്താത്ത കോളങ്ങളിൽ ഏതു തരം ലീവാണ് എന്നത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. ഉദാഹരണമായി നിക്സൺപോൾ, സീനിയർ ക്ലാർക്ക് 4-10-2017ൽ ഹാജർരേഖപ്പെടുത്തിയിട്ടില്ല. ലീവ് വിവരവും രേഖപ്പെടുത്തിയിട്ടില്ല. ആൻസി തോമസ്, ഒക്ടോബർ 9 കാഷ്വൽ ലീവ് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഹാജരില്ല. റിലീവ് ചെയ്ത വിവരം രേഖപ്പെടുത്തിയിട്ടില്ല.
5. സ്പെഷ്യൽ കാഷ്വൽ ലീവ് ഉള്ള ജീവനക്കാർക്ക് പ്രസ്തുത ലീവ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.
6. പല ജീവനക്കാരും 20-ൽ അധികം കാഷ്വൽ ലീവ് എടുത്തിട്ടുണ്ട് (ഷൈന സൂസൻ ചാക്കോ,വി.ലാലി).
7. ആബ്സെന്റ് ദിവസങ്ങൾ പരിഗണിക്കാതെ ശമ്പളം നൽകിയിട്ടുള്ളതായി കാണുന്നു.
   ഉദാഹരണമായി ശ്രീമതി.ലാലി, 06-11-2017 മുതൽ 16-11-2017വരെ ആബ്സെന്റ് ആണ്. എന്നാൽ മുഴുവൻ ദിവസശമ്പളവും നൽകിയിട്ടുണ്ട്. ഹാജരില്ലാത്ത ദിവസങ്ങൾ ഏത് അവധിയായി പരിഗണിച്ചു എന്ന് രേഖപ്പെടുത്തലില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്നും ഹാജരാകാത്ത ദിവസങ്ങൾ അവധിയായി ക്രമീകരിക്കുകയോ ശമ്പളം തിരികെ ഈടാക്കുകയോ

ചെയ്യുന്നതാണെന്ന് അറിയിച്ചു. യുക്തമായ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സൂപ്പർ വിഷൻ ചുമതലയുള്ള ജീവനക്കാർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-19 ആശ്രയ: ഭക്ഷണ വിതരണം മാത്രം,വികസന ഫണ്ട് 40.4 ലക്ഷം നിക്ഷേപമാക്കി

നഗരസഭയുടെ അഗതി ആശ്രയപദ്ധതി ഭക്ഷണ വിതരണമായി പരിമിതപ്പെട്ടു. പദ്ധതിക്ക് വകയിരുത്തിയ വികസന ഫണ്ട് 4037500/-രൂപ ചെലവഴിക്കാതെ നിക്ഷേപമാക്കി നിലനിർത്തിയിരിക്കുന്നു.

പദ്ധതിയിൽ 1, 2 ഘട്ടങ്ങളിലെ 55 ഗുണഭോക്താക്കൾക്ക് ഭക്ഷണ വിതരണം മാത്രമാണ് ഓഡിറ്റ് വർഷം നടപ്പാക്കിയത്. ഇതിന് 209900/-രൂപ ചലഞ്ച് ഫണ്ട് ചെലവഴിച്ചു. ചലഞ്ച് ഫണ്ടിലും വലിയ തുക നീക്കിയിരിപ്പുണ്ട്. 14.4 ലക്ഷമാണ് ഓഡിറ്റിന് സമർപ്പിച്ച വിവരം അനുസരിച്ച് നീക്കിയിരിപ്പ്.

സർക്കാർ ആശ്രയ പദ്ധതി അഗതിരഹിത കേരളം എന്ന വിശാല ലക്ഷ്യത്തിലേക്ക് ഉയർത്തിയെങ്കിലും നഗരസഭ അതിനുള്ള ഒരുക്കം തുടങ്ങിയിട്ടേയുള്ളൂ. അഗതിരഹിത പദ്ധതിയുടെ ഗുണഭോക്തൃപട്ടിക അംഗീകരിച്ചെങ്കിലും പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കൗൺസിൽ അംഗീകരിച്ചതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കൗൺസിലും ക്ഷേമകാര്യ സ്ഥിരംസമിതിയും സി.ഡി.എസും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ആശ്രയ ഗുണഭോക്താക്കളുടെ വീട് ഉൾപ്പെടെ മറ്റ് ക്ലേശഘടകങ്ങൾ ഇല്ലാതാക്കുന്നതിന് എല്ലാ വർഷവും വികസനഫണ്ടിൽ നിന്ന് നഗരസഭ വിഹിതം മാറ്റി ആശ്രയ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാറുണ്ട്. ഈ തുകയാണ് ചെലവഴിക്കാതെ നിക്ഷേപമാക്കിയിരിക്കുന്ന 40.4 ലക്ഷം. 2007-08 മുതലുള്ള നഗരസഭ വിഹിതം ഇതിൽ ഉൾപ്പെടുന്നു. ആശ്രയുടെ പി.എൻ.ബി, ഐ.സി.ഐ.സി.ഐ ബാങ്ക് അക്കൗണ്ടുകളിലാണ് ഇത് നിക്ഷേപമായിരിക്കുന്നത്. ഇതിന്റെ പലിശയും കൂടി കണക്കാക്കുമ്പോൾ നിഷ്ക്രിയ തുക ഉയരും.

ചെലവഴിക്കാതെ നിക്ഷേപമാക്കിയിരിക്കുന്ന വികസന ഫണ്ടിന്റെ വിവരം:

| വർഷം | തുക |
|---|---|
| 2007-08 മുതൽ 2016-17 വരെ | 2837500 |
| 2016-17 | 500000 |
| 2017-18 | 400000<br>(പ്രോജക്ട് 143/18,ബിൽ 246255/12.7.17) |
| 2018-19 | 300000 |
| ആകെ | 4037500 |

വികസന പ്രവർത്തനങ്ങൾക്ക് നഗരസഭയ്ക്ക് സർക്കാർ നല്കുന്നതാണ് വികസന ഫണ്ട്. ആശ്രയക്ക് അനിവാര്യ വകയിരുത്തൽ ബാധകമാണ്. എന്നാൽ അതിന്റെ പേരിൽ സർക്കാർ ഫണ്ട് വർഷങ്ങളായി ബാങ്ക് നിക്ഷേപമാക്കി സൂക്ഷിക്കുന്നത് സർക്കാർ ധനവിനിയോഗ നിയമങ്ങൾക്ക് തന്നെ നിരക്കുന്നതല്ല. ഇപ്പോൾ നിക്ഷേപമാക്കിയിരിക്കുന്ന 40.4 ലക്ഷം ചെലവഴിക്കാനുള്ള സാധ്യത വിരളമാണ്. അതിനാൽ

നിക്ഷേപം പലിശ ഉൾപ്പെടെ സർക്കാരിൽ തിരിച്ചടക്കുന്നത് പരിഗണിക്കാവുന്നതാണ്. ഈ വിഷയത്തിൽ തുടർ നടപടികൾക്ക് കൗൺസിലിന്റേയും ഭരണ വകുപ്പിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

വികസന ഫണ്ട് ചെലവഴിച്ച് നടപ്പാക്കുന്ന ആശ്രയ ഭവനം പൂർത്തിയാക്കുന്നതിലും വലിയ കാലതാമസം വരുത്തുന്നുണ്ട്. ഭാരതി മങ്കാല വടക്കേതിൽ, പോനകം എന്ന ഗുണഭോക്താവ് വീട് പണി പൂർത്തിയാക്കിയത് 7 വർഷവും 4 മാസവും കൊണ്ടാണ്. ഇവർ ആദ്യ ഗഡു 37500/-രൂപ (ചെക്ക് 272793/13.5.10) കൈപ്പറ്റിയത് 2010 മെയിലാണ്. അവസാന ഗഡു 20000/-രൂപ (ചെക്ക് 513804/13.9.17) കൈപ്പറ്റിയത് 2017 സെപ്റ്റംബറിലും. ഇത്തരത്തിൽ ഇഴഞ്ഞ് നീങ്ങുന്ന പദ്ധതി നിർവഹണം നഗരസഭ തിരുത്തേണ്ടതാണ്. ഈ ഗുണഭോക്താവിന് തുക നല്കിയത് മാത്രമാണ് ഓഡിറ്റ് വർഷത്തെ വികസന ഫണ്ടിൽ നിന്നുള്ള ചെലവ്.

സർക്കാർ ആശ്രയ പദ്ധതിക്ക് നല്കുന്ന ചലഞ്ച്ഫണ്ട് സമയത്ത് ആശ്രയ അക്കൗണ്ടിലേക്ക് മാറ്റി നല്കുന്നതിലും നഗരസഭ വീഴ്ച വരുത്തുന്നുണ്ട്. രണ്ടാം ഘട്ട ആശ്രയയ്ക്ക് ലഭിച്ച ചലഞ്ച് ഫണ്ട് -345638രൂപ/- 22.9.17ൽ നഗരസഭ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ ഈ തുക 6 മാസം വൈകി 23.5.18 ലാണ് ആശ്രയ അക്കൗണ്ടിലേക്ക് മാറ്റിയത്. ചലഞ്ച് ഫണ്ട് സമയത്ത് തന്നെ ആശ്രയ അക്കൗണ്ടിലേക്ക് മാറ്റി നല്കേണ്ടതാണ്.

പദ്ധതിക്ക് പി.എൻ.ബി, ഐ.സി.ഐ.സി എന്നീ ബാങ്കുകളിൽ നാല് ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. പി.എൻ.ബി.യിലെ ഒന്നാം ഘട്ട ആശ്രയയുടെ 50747 അക്കൗണ്ടിൽ ഇപ്പോൾ ഇടപാടില്ല. 04.12.18-ലെ **എൻടി** അനുസരിച്ച് 28374/-രൂപ (പലിശ വരവ്) നീക്കിയിരിപ്പുണ്ട്. ഒന്നാം ഘട്ട ആശ്രയയ്ക്ക് ഐ.സി.ഐ.സി ബാങ്കിൽ പുതിയ അക്കൗണ്ട് തുടങ്ങിയതിനാൽ ഈ അക്കൗണ്ട് അവസാനിപ്പിച്ച് നീക്കിയിരിപ്പ് പുതിയ അക്കൗണ്ടിലേക്ക് മാറ്റാവുന്നതാണ്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തി (31/21.1.19)ന് നഗരസഭ മറുപടി നല്കിയില്ല. ആശ്രയപദ്ധതി നഗരസഭയും സി.ഡി.എസും മോണിട്ടറിംഗ് നടത്തേണ്ടതാണ്.

# 3-20 കൃത്യമായ ചെലവുരേഖകളില്ലാതെ അഡ്വാൻസ് ക്രമീകരിച്ചത് - ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന പരിപാടിക്കായി ഹെൽത്ത് സൂപ്പർവൈസർ ശ്രീമതി.എം.കെ.ഗീതയുടെ പേരിൽ 50000/- രൂപ അഡ്വാൻസ് അനുവദിക്കുകയും (ചെക്ക്.നം.20979 dt 11.08.2017), ഇതിന്റെ ക്രമീകരണത്തിന്റെ ഭാഗമായി ചെക്ക് നം.23098 തീയതി.21.02.2017 പ്രകാരം 6820/- രൂപ കൂടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഹാജരാക്കിയിട്ടുള്ള ചെലവുരേഖകൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ഇനം. | തുക | കൈപ്പറ്റിയ സ്ഥാപനം/ വ്യക്തി | കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | 14.08.2018, 15.08.2015 തീയതികളിൽ മൈക്ക് അനൗൺസ്മെന്റ് വാഹനവാടക, ജനറേറ്റർവാടക | 15950 | കൃഷ്ണാ സൗണ്ട്സ് | 16.08.2017 |
| 2 | സാപ്പ് ഷോപ്പിന് പന്തൽ | 11880 | അലങ്കാർ ഡക്കറേഷൻസ് | 16.08.2017 |
| 3 | ബാനർ പ്ലക്കാർഡ് | 13750 | മാജിക് അബ്സല്യൂട്ട് | 15.08.2017 |
| 4 | ലഘുഭക്ഷണം, ചായ | 10700 | നൃപ്രിയ ബേക്കറി. | 16.08.2017 |

| | | | | |
|---|---|---|---|---|
| 5 | ബലൂൺ, ക്യാപ്പ്, ഫ്ലാഗ്... | 3040 | തോപ്പിൽ സ്റ്റോഴ്സ് | 14.08.2017 |
| 6 | ചെണ്ടമേളം | 1500 | ജോർജ്ജ് സാമുവൽ ബിഷപ്പ് ഹോഡ്ജസ്സ് ഹൈസ്കൂൾ | 16.08.2017 |
| | ആകെ | 56820 | | |

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് പ്രൊക്യൂവർമെന്റ് മാന്വൽ അനുസരിച്ചാണ്. 5000/-രൂപയിൽ അധികരിച്ചുള്ള ചെലവുകൾ ക്വട്ടേഷൻ നടപടികളിലൂടെ മാത്രമേ നടത്താൻ പാടുള്ളൂ എന്നിരിക്കെ ഈ നടപടികൾ പാലിച്ചിട്ടില്ല. ക്രമനം.1,2,4 എന്നിവക്ക് വെള്ളപ്പേപ്പറിലുള്ള വെറും കൈപ്പറ്റുരസീതുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത പരിപാടികൾ നടന്നതിന് മറ്റ് രേഖകൾ, ഹാജർ വിവരം, നോട്ടീസുകൾ ഇവയെന്തെങ്കിലും ഉണ്ടെങ്കിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ഈ പരിപാടിയുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കിയിട്ടില്ല. ശരിയായ ചെലവു രേഖകളില്ലാതെ അഡ്വാൻസ് ക്രമീകരിച്ച് നൽകിയത് ശരിയല്ല. കൃത്യമായ ചെലവു രേഖകളില്ലാത്തതിനാലും ആഘോഷപരിപാടികൾ സംബന്ധിച്ച് മറ്റു രേഖകളുടെ അഭാവത്തിലും 56820/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

# 3-21 മുൻവർഷത്തെ ബില്ലുപ്രകാരം നടത്തിയ ചെലവ് അംഗീകരിക്കുന്നില്ല

ചെക്ക് നം.23093 തീയതി 12.12.2017 പ്രകാരം 52128/-രൂപ പിൻവലിച്ചിട്ടുണ്ട്. ഫാറങ്ങളുടേയും രജിസ്റ്ററുകളുടേയും വിലയായി നൽകുന്നതിനായി പിൻവലിക്കുന്നു എന്നാണ് കണ്ടിജന്റ് ബില്ലിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇതിൽ 220185/-രൂപ എഴുതിയത് വെട്ടിത്തിരുത്തി 52128/-രൂപ എന്നാക്കിയിട്ടുണ്ട്. പിൻവലിച്ച തുക ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയതിന് രേഖയില്ല. 16.03.2015-ലെയും, 01.01.2015-ലെയും 10.11.2016-ലെയും ഇൻവോയ്സിന്റെ ഫോട്ടോകോപ്പികളാണ് ചെലവു രേഖകളായി സൂക്ഷിച്ചിട്ടുള്ളത്. അസ്സൽ ചെലവുരേഖകൾ, വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക്, പിൻവലിച്ച തുകയുടെ കൈപ്പറ്റ് വിവരം എന്നിവ ഹാജരാക്കുന്നതിന് എൻക്വയറി (30)` നൽകിയതിനുള്ള മറുപടിയിൽ ആകെ 8 ബില്ലുകളിലായി 220185/-രൂപ നൽകുവാനുണ്ടായിരുന്നു എന്നും ഇതിൽ മൂന്ന് ബില്ലുകൾ പ്രകാരമുള്ള തുകയാണ് ഇപ്പോൾ നൽകിയത് എന്നും അസ്സൽ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ ഇവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല 2015-ൽ നടന്ന വാങ്ങലിന് നാളിതുവരെ തുക നൽകിയില്ല എന്നതും അവിശ്വസനീയമാണ്. 2015-ലെ ബില്ലുകളുടെ ഫോട്ടോകോപ്പികൾ ഉപയോഗിച്ച് നടത്തിയ പിൻവലിക്കൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 52128/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പക്ഷം പിൻവലിച്ച തുക മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്.

# 3-22 ലീഗൽ ചാർജ്ജ് ഇനത്തിലെ ചെലവിനായി ചെലവുരേഖകളില്ലാതെ തുക പിൻവലിച്ചു

1.ലീഗൽ ചാർജ്ജസ് എന്നു രേഖപ്പെടുത്തി ചെക്ക് നം.21001 തീയതി.30.8.2017 പ്രകാരം -40000 രൂപയും

ചെക്ക് നം.21000 തീയതി.30.08.2017 പ്രകാരം 17000/-രൂപയും പിൻവലിച്ചിരുന്നു. ഇതിന്റെ ചെലവുരേഖകൾ ഹാജരാക്കുന്നതിന് എൻക്വയറി നൽകി എങ്കിലും ഹാജരാക്കിയില്ല. ചെലവുരേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു (57000). സ്യൂട്ട് രജിസ്റ്ററിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

# 3-23 തെരുവ് വിളക്ക് പരിപാലനം:ചെലവിന് സാധൂകരണരേഖയില്ല

തെരുവ് വിളക്ക് പരിപാലനത്തിന് നഗരസഭ ചെലവഴിക്കുന്ന ലക്ഷങ്ങൾക്ക് കൃത്യമായ ചെലവ് സാധൂകരണ രേഖകളില്ല.

നഗരസഭയുടെ അനിവാര്യചുമതലയാണ് തെരുവ് വിളക്ക് പരിപാലനം. അതിന് ഓഡിറ്റ് വർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കി. മുനിസിപ്പൽ എഞ്ചിനീയറായിരുന്നു (എം.ഇ) നിർവഹണ ഉദ്യോഗസ്ഥൻ. പ്രോജക്ടുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് 1006070/-രൂപയാണ് ചെലവഴിച്ചത്. ഈ ചെലവിനാണ് കൃത്യമായ രേഖയില്ലാത്തത്.

തെരുവ് വിളക്ക് പരിപാലനത്തിന് നഗരസഭ കൃത്യമായ ചെലവ് രേഖകൾ സൂക്ഷിക്കാത്തത് ഇത് ആദ്യമല്ല. മുൻവർഷങ്ങളിലും സമാനസ്ഥിതിയായിരുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിൽ വിഷയം പ്രതിപാദിച്ചിരുന്നെങ്കിലും നഗരസഭ ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല.

പരിപാലനചെലവിന്റെ കൃത്യത ഉറപ്പാക്കാൻ വേണ്ട അനിവാര്യഅടിസ്ഥാനരേഖ തെരുവ് വിളക്ക് ആസ്തി രജിസ്റ്ററാണ്. നഗരത്തിലെ തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം, വൈദ്യുതി പോസ്റ്റ് നമ്പർ, പോസ്റ്റിന്റെ സ്ഥാനം, വിളക്കിന്റെ ഇനം, തരം എന്നിവ വിവരിക്കുന്ന ആധികാരിക രജിസ്റ്ററാണിത്. ഇത് നഗരസഭയിലില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കേണ്ടത് സർക്കാർ നിർദേശം അനുസരിച്ച് നഗരസഭയുടെ ഉത്തരവാദിത്വമാണ്. ആസ്തി രജിസ്റ്ററില്ലാതെ തെരുവ് വിളക്ക് പരിപാലനത്തിന് പ്രോജക്ടുകൾ തയാറാക്കി ഫണ്ട് ചെലവഴിക്കുമ്പോൾ ചെലവിന്റെ കൃത്യത ഉറപ്പാക്കാനാവില്ല. നഗരസഭാഫണ്ട് ചോരുന്നില്ലെന്ന് ഉറപ്പാക്കാനും രജിസ്റ്റർ അത്യാവശ്യമാണ്. വാർഡ് കൗൺസിലർമാരുടെ സഹായത്തോടെ വളരെ പെട്ടെന്ന് നഗരസഭയ്ക്ക് രജിസ്റ്റർ തയാറാക്കാവുന്നതാണ്. ആസ്തി രജിസ്റ്റർ തയാറാക്കാത്തത് നഗരസഭയുടെ ഗുരുതര വീഴ്ചയാണ്.

പരിപാലനചെലവിൽ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്താൻ വേണ്ടത് പ്രോജക്ട് ആസൂത്രണനിർവഹണത്തിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുക എന്നതാണ്. യൂസർ ഗ്രൂപ്പുകളും പരിപാലന കമ്മറ്റികളും രൂപീകരിച്ചാണ് ജനപങ്കാളിത്തം ഉറപ്പാക്കേണ്ടത്. നഗരസഭയിൽ ഇത്തരം ജനകീയ സമിതികൾ നിലവിലില്ല. നഗരസഭ തലത്തിൽ പോലും കെ.എസ്.ഇ.ബി സെക്ഷൻ മേധാവികളെ ഉൾപ്പെടുത്തി കമ്മറ്റി നിലവിലില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട വിഷയ നിർണ്ണയ സമിതിയോ സ്റ്റാന്റിംഗ് കമ്മറ്റിയോ ഇടപെട്ടിട്ടില്ല.

തെരുവ് വിളക്കുമായി ബന്ധപ്പെട്ട ജനങ്ങളുടെ പരാതികൾ രേഖപ്പെടുത്താനും അവ പരിഹരിച്ചത് മോണിട്ടർ ചെയ്യാനും പരാതി രജിസ്റ്റർ പരിപാലിക്കുന്നില്ല. ഏത് പോസ്റ്റിലാണ് അറ്റകുറ്റപണി ആവശ്യമായതെന്ന് വ്യക്തമാകുവാനും പരാതി രജിസ്റ്റർ അത്യാവശ്യമാണ്.

ഓഡിറ്റ് വർഷത്തെ ആദ്യ പ്രോജക്ട് (185/18) തെരുവ് വിളക്ക് അറ്റകുറ്റ പണിയാണ്. ഇതിന് 410360/-രൂപ (ബിൽ. 2/ 13.07.17-20013/-രൂപ, ബിൽ.19/13.09.17-90972/-രൂപ, ബിൽ.71/28.02.18-134500/-രൂപ,

ബിൽ.72/ 28.02.18-164875/-രൂപ) ചെലവഴിച്ചു. ആദ്യ രണ്ട് ബില്ലുകൾ 2016-17 ലേതാണ്. ബാക്കി ബില്ലുകൾ 2017-18 അറ്റകുറ്റപണിയുടെ കൂലിചെലവാണ്.

മാവേലിക്കര, തട്ടാരമ്പലം കെ.എസ്.ഇ.ബി സെക്ഷനുകളുടെ പരിധിയിലാണ് നഗരത്തിലെ തെരുവ് വിളക്കുകൾ. സെക്ഷൻ തിരിച്ചാണ് അറ്റകുറ്റപണി കരാർ നല്കിയിരിക്കുന്നത്. ലേബർ ബില്ലിന്റെ അടിസ്ഥാനത്തിലല്ല കരാറുകാർക്ക് കൂലി നല്കിയിരിക്കുന്നത്. ലേബർ ബില്ല് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാർ ചെയ്ത ജോലി മനസ്സിലാക്കുവാൻ ലേബർ ബില്ല് വേണം. അറ്റകുറ്റപണി നടത്തിയ തീയതി, പോസ്റ്റ് നമ്പർ, മാറ്റിയിട്ട ഉപകരണങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടില്ല.

അറ്റകുറ്റപണി നടത്തിയതായി വാർഡ് കൗൺസിലർമാരിൽ ചിലർ ഒപ്പിട്ട പത്രിക ഉണ്ട്. ഇതിൽ പോസ്റ്റ് നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്ത് അറ്റകുറ്റപണി എന്ന് നടത്തി, ഏത് കരാറുകാരനാണ് നടത്തിയതെന്ന് പത്രികയിൽ വ്യക്തമാക്കിയിട്ടില്ല. അറ്റകുറ്റപണിക്ക് അനുവാദവും ആവശ്യമായ സൗകര്യങ്ങളും ചെയ്തു കൊടുത്തതായി കെ.എസ്.ഇ.ബി സെക്ഷൻ എഞ്ചിനീയർമാരുടെ സാക്ഷ്യപത്രമില്ല. നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം അറ്റകുറ്റപണിക്ക് മേൽനോട്ടം വഹിച്ചതിന് തെളിവില്ല. കരാറുകാരുടെ ബില്ലില്ലാത്തതിനാൽ നഗരസഭ എഞ്ചിനീയർ മൂല്യനിർണയം നടത്തിയിട്ടുമില്ല.

ഒരു പോസ്റ്റിന് ഒരു വർഷത്തേക്ക് കരാറുകാർ ആവശ്യപ്പെട്ട കൂലി 250/-രൂപയാണ്. ഈ നിരക്കിൽ കരാറുകാർ ആവശ്യപ്പെട്ട തുക കെ.എസ്.ഇ.ബിയിൽ നിന്നുള്ള പോസ്റ്റുകളുടെ എണ്ണത്തിന് അനുസരിച്ച് നല്കുക മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥൻ ചെയ്തത്. ചെലവ് സാധൂകരിക്കുന്ന കൃത്യമായ രേഖകളില്ലാതെ കരാറുകാരുടെ കൂലി നല്കിയത് ഗുരുതരമായ പിഴവാണ്.

രണ്ടാമത്തെ പ്രോജക്ട് (186/18) ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങലായിരുന്നു. പ്രോജക്ടിൽ 595710/-രൂപ (ബിൽ 18/13.09.17) ചെലവഴിച്ചു. തുക ഉപയോഗിച്ച് ആദ്യ പ്രോജക്ടിലെ അറ്റകുറ്റപണിക്ക് ആവശ്യമായ വൈദ്യുതോപകരണ ങ്ങൾ മാവേലിക്കര ബ്രൈറ്റ് ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്ന് വാങ്ങി. സ്റ്റോക്ക് രജിസ്റ്റർ അനുസരിച്ച് ഉപകരണങ്ങൾ കൈപ്പറ്റിയിരിക്കുന്നത് വാർഡ് കൗൺസിലർമാരാണ്. ചില കൗൺസിലർമാർ രജിസ്റ്ററിൽ ഒപ്പ് വെച്ചിട്ടുണ്ട്. എന്നാൽ കൈപ്പറ്റിയ ഉപകരണങ്ങൾ വാർഡുകളിലെ അറ്റകുറ്റ പണിക്ക് ഉപയോഗിച്ചതായി തെളിയിക്കുന്ന രേഖകൾ അവർ ഹാജരാക്കിയിട്ടില്ല. ഉപകരണങ്ങൾ അറ്റകുറ്റ പണിക്ക് ഉപയോഗിച്ചതായുള്ള അവരുടെ സാക്ഷ്യപത്രവുമില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിടാത്ത കൗൺസിലർമാർക്ക് നല്കിയ വൈദ്യുതോപകരണങ്ങൾ സ്റ്റോക്കിൽ അവശേഷിക്കുന്നതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല.

വൈദ്യുതോപകരണങ്ങളുടെ ആവശ്യകത ശാസ്ത്രീയമായല്ല നിർണ്ണയിക്കുന്നത്. ബ്രൈറ്റ് ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ബില്ല് അനുസരിച്ച് 4400 ട്യൂബ് വാങ്ങി. കെ.എസ്.ഇ.ബി-യിൽ നിന്നുള്ള വിവരം അനുസരിച്ച് സി.എഫ്.എൽ ഉൾപ്പെടെ നഗരത്തിലെ ആകെ പോസ്റ്റുകൾ 2395 ആണ് (ട്യൂബ് ആവശ്യമായ പോസ്റ്റുകളുടെ കൃത്യമായ വിവരം ലഭ്യമല്ല). ഇത്രയും പോസ്റ്റുകൾക്ക് 4400 ട്യൂബുകൾ ആവശ്യമില്ല. ഇതേപോലെ വളരെ കൂടിയ അളവിലാണ് മറ്റ് ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത്.

കേടായ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കുന്നില്ല. സ്റ്റോക്കിൽ നിന്ന് പോകുന്ന പുതിയ ഉപകരണങ്ങൾക്ക് തുല്യമായ കേടായ ഉപകരണങ്ങൾ സ്റ്റോക്കിൽ തിരികെ എത്തണം. അപ്പോൾ മാത്രമാണ് സ്റ്റോക്ക് കൃത്യമാകുന്നത്. ഓഡിറ്റ് വർഷം പഴയ ഉപകരണങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

കൃത്യവും സുതാര്യവുമായ രേഖകളില്ലാതെ അനിവാര്യ ചുമതലകൾക്ക് വേണ്ടിയാണെങ്കിലും നഗരസഭ ഫണ്ട് ചെലവഴിക്കുന്നത് വലിയ വീഴ്ചയാണ്. നഗരസഭ കൗൺസിലും ധനകാര്യം, വികസനം, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റികളും ജാഗ്രത പുലർത്തേണ്ടതാണ്.

മുകളിൽ വിവരിച്ച രേഖകൾ തയാറാക്കി പ്രോജക്ടുകളിൽ നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടില്ലെന്ന് തെളിയിക്കേണ്ടതാണ്. ചെലവ് തടസപ്പെടുത്തുന്നു.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ (22/19.01.19)ത്തിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മറുപടിയിൽ ഓഡിറ്റ് ആവശ്യപ്പെട്ട അടിസ്ഥാന വിഷയങ്ങൾക്ക് വിശദീകരണമില്ലാത്തതിനാൽ അംഗീകരിക്കുന്നില്ല. ഓഡിറ്റ് വർഷത്തെ തെരുവ് വിളക്ക് പരിപാലനത്തിൽ നഗരസഭ ഫണ്ടിന് നഷ്ടമുണ്ടായിട്ടില്ലെന്ന് രേഖകൾ കൃത്യമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | ചെലവു തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 5-10-17 | 50000 | - | 50000 |
| ആകെ | | | | | 50000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 32,00,000/-രൂപയുടെ ക്ലീൻ കേരള മിഷന്റെ ഇക്വിറ്റി ഷെയറുകൾ |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 32,00,000രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 32,00,000 രൂപ |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6863/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | 3-18 | 2000 | ശ്രീമതി.ജ്യോതിലക്ഷ്മി,സീനിയർ ക്ലാർക്ക് | 117010400044 തീയതി.26.03.18 |
| വിശദാംശം ലഭ്യമല്ല | വിശദാംശം ലഭ്യമല്ല | 3020 | ലഭ്യമല്ല | 117010104327 തീയതി.29.08.17 |
| 2016-17 | 3-37(a) | 1843 | ശ്രീ.ജയാദാസ്, മുനിസിപ്പൽ എഞ്ചിനീയർ | 117010108891 തീയതി.20.02.18 |
| ആകെ | | 6863 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 161791941 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 203477707 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 49200(തിട്ടപ്പെടുത്താത്തവ ഒഴികെ) |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2285615 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5(1) | 37500 | | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 2-5(2) | 11700 | | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 3-11 | | 5000 | ശ്രീ.സി.ഐ.എബി, പ്രോജക്ട് ഓഫീസർ, ദാരിദ്രലഘൂകരണ വിഭാഗം |
| ആകെ | 49200 | 5000 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 156250 | ഡോ.സന്തോഷ്കുമാർ.ബി, സീനിയർ വെറ്ററിനറി സർജ്ജൻ |
| 3-7 | 132090 | |
| 3-8 | 529171 | ശ്രീമതി.എം.ആർ.ഗീത, പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണ വിഭാഗം |
| 3-10 | 40134 | ശ്രീമതി.സുജാത, എച്ച്.എം |
| 3-11 | 220000 | ശ്രീ.സി.ഐ.എബി, പ്രോജക്ട് ഓഫീസർ, ദാരിദ്രലഘൂകരണ വിഭാഗം |
| 3-12 | 35952 | ഡോ.ഷഹനാ.കെ.മുഹമ്മദ്, മെഡിക്കൽ ഓഫീസർ |
| 3-20 | 56820 | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 3-21 | 52128 | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 3-22 | 57000 | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 3-23 | 1006070 | ശ്രീ.ജയദാസ്, മുൻസിപ്പൽ എൻജിനീയർ |
| ആകെ | 22,85,615 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

--ഇല്ല--

(ഡി)<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>

2-5.(3,4,5), 2-6.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സന്തോഷ്കുമാർ<br>വെറ്ററിനറി സർജ്ജൻ | ലഭ്യമല്ല | പത്മനിവാസ്,<br>കറ്റാനം.പി.ഒ., ആലപ്പുഴ ജില്ല |
| ശ്രീ.ജയദാസ്,<br>മുൻസിപ്പൽ എൻജിനീയർ | ലഭ്യമല്ല | ലക്ഷ്മി ഭവനം,വടശ്ശേരിക്കോണം. പി.ഒ.,വർക്കല. |
| ശ്രീ.ബിജു.എസ്, സെക്രട്ടറി | ലഭ്യമല്ല | പ്രശാന്തി,പാതിരപ്പള്ളി.പി.ഒ.<br>ആലപ്പുഴ. |
| ഡോ.ഷഹനാ.കെ.മുഹമ്മദ്,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>മാവേലിക്കര നഗരസഭ | എക്സ്റ്റസി ടി.കെ.എം എച്ച്.എസ്. എസിനു സമീപം, കൊല്ലം. |
| ശ്രീ.സി.ഐ.എബി, പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണ വിഭാഗം | കായംകുളം നഗരസഭ | ചെങ്ങണ്ടയിൽ, പൊങ്ങം.പി.ഒ, നെടുമുടി, ആലപ്പുഴ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.4-936/00/17.03.2001 |
| 1998-99 | എൽ.എഫ്.എ.4-937/00/17.03.2001 |
| 1999-2000 | എൽ.എഫ്.എ.4-218/02/18.08.2002 |
| 96-97 (ഫൈനൽ) | എൽ.എഫ്.എ.4-1031/03/15.12.2003 |
| 97-98(ഫൈനൽ) | എൽ.എഫ്.എ.4-1163/02/14.01.2003 |
| 98-99(ഫൈനൽ) | എൽ.എഫ്.എ.4-532/05/07.10.2005 |
| 2000-01 | എൽ.എഫ്.എ.4-673/05/09.11.2005 |
| 2001-02 ചെലവ് | എൽ.എഫ്.എ.4-938/05/05.05.2006 |
| 99-2000(ഫൈനൽ) | എൽ.എഫ്.എ.4-939/05/05.05.2006 |
| 2000-01(ഫൈനൽ) | എൽ.എഫ്.എ.4-821/07/12.08.2007 |
| 2001-02(ഫൈനൽ) | എൽ.എഫ്.എ.4-822/07/31.10.2007 |
| 2002-03 (വരവ് -ചെലവ്) | എൽ.എഫ്.എ.4-823/07/31.10.2007/06.07.2008 |
| 2003-04 | എൽ.എഫ്.എ.4-813/08/28.01.2009/22.04.2009 |
| 2004-05 | എൽ.എഫ്.എ.4-814/08/21.08.2009/22.04.2009 |
| 2005-06 | എൽ.എഫ്.എ.4-834/08/21.08.2009/22.04.2009 |
| 2006-07 | എൽ.എഫ്.എ.4-837/08/21.08.2009/11.08.2009 |
| | |

| | |
|---|---|
| 2007-08 | എൽ.എഫ്.എ.4-838/08/10.06.2009/01.10.2009 |
| 2008-09 | എൽ.എഫ്.എ.എം.1-500/12/06.12.2012 |
| 2009-10 (ചെലവ്) | എൽ.എഫ്.എ.എം.1-561/12/06.12.2012/14.12.2012 |
| 2009-10 (വരവ്), 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.എം.1-1991/2014/27.02.2015/01.05.2015 |
| 2013-14 | എൽ.എഫ്.എ.എം-1-1094/15/4.8.2015/31.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./എം.1/559/2016/6.06.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/ 15.03.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി./ജി.എ5/1128/17 തീ.20-9-2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1405(3)/2018 തീയതി: 01.10.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാവേലിക്കര നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്